**ഖുത്വ്ബ**
**15.9.2006**
**ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ**

# പോപ്പ് എരിതീയിൽ എണ്ണയൊഴിക്കുന്നു

**ജ**ർമ്മനിയിലെ സർവ്വകലാശാലയിൽ പോപ്പ്* നടത്തിയ ഒരു പ്രഭാഷണത്തിനിടയിൽ ചില ഇസ്ലാമിക അദ്ധ്യാപനങ്ങളെക്കുറിച്ച് പറഞ്ഞതായി ഇന്നലെ വാർത്തയുണ്ടായിരുന്നു. വിശുദ്ധഖുർആനേയും നബി(സ) തിരുമേനിയേയും കുറിച്ച്, മറ്റാരോ എഴുതി എന്നു പറഞ്ഞുകൊണ്ട് ഇസ്ലാമുമായി വിദൂരബന്ധം പോലുമില്ലാത്ത കാര്യങ്ങൾ പറയുകയും ചെയ്തു. മറ്റുള്ളവർ പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് വളരെ സമർത്ഥമായനിലയിൽ തെറ്റായധാരണ പരത്താൻ ശ്രമിക്കുക എന്നത് ഇവരുടെ ഒരു രീതിയാണ്. പോപ്പ് സാഹിബ് ചില കാര്യങ്ങൾ പറഞ്ഞുകൊണ്ട് വിശുദ്ധഖുർആനേയും ഇസ്ലാമിനേയും ഇസ്ലാംമതസ്ഥാപകരേയും(സ) കുറിച്ച് തെറ്റായധാരണ ജനിപ്പിക്കാനുള്ള ശ്രമമാണ് നടത്തിയത്. അതുമുഖേന മുസ്ലിംകളിൽ ഒരു അസ്വസ്ഥത ഉണ്ടായിട്ടുണ്ടാകും. ഇസ്ലാമിന്നെതിരിലുള്ള അവരുടെ ഉള്ളിലിരുപ്പ് ഇതിൽനിന്ന് വ്യക്തമാകുന്നുണ്ട്. പോപ്പ് എവിടെനിന്നെങ്കിലും എടുത്തുദ്ധരിക്കുകയാണെങ്കിലും, ഇത്തരം കാര്യങ്ങൾ പ്രകടിപ്പിക്കുക എന്നത് അദ്ദേഹത്തിന്റെ സ്ഥാനത്തിന് നിരക്കുന്നതല്ല. ഇക്കാലത്ത് പാശ്ചാത്യദേശത്ത് ആരെങ്കിലുമൊക്കെ പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് മുസ്ലിംകൾക്കെതിരിൽ വെറുപ്പ് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ പോപ്പിന്റെ ഈ വിളംബരം എരിതീയിൽ എണ്ണയൊഴിച്ചതുപോലെയായി. ഇതിനുപകരം, ഇന്ന് ചില ഇസ്ലാമിക ഭീകരവാദ സംഘടനകൾ ഭീകരപ്രവർത്തനം നടത്തുന്നുണ്ടെങ്കിലും ഇസ്ലാമികാദ്ധ്യാപനം അതിനെതിരാണെന്ന് താൻ കാണുന്നതായും അതുകൊണ്ട് നിരപരാധികളായ ജനങ്ങളെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനും ലോകത്ത് സമാധാനം നിലനിറുത്തുന്നതിനും വേണ്ടി നമ്മൾ ഒന്നിച്ച് പ്രവർത്തിക്കണമെന്നുമായിരുന്നു അദ്ദേഹം പറയേണ്ടിയിരുന്നത്. എന്നാൽ, തന്റെ അനുയായികളെ ശരിയായ ഇസ്ലാമിന്റെ അദ്ധ്യാപനം താൻ പറയുന്നതുതന്നെയാണെന്ന് ബോധ്യപ്പെടുത്താനാണ് അദ്ദേഹം ശ്രമിച്ചത്. പോപ്പ്, പ്രശ്നം പരിഹരിക്കാൻ പറ്റിയ ആളും പണ്ഡിതനും ഇസ്ലാമിനെക്കുറിച്ച് കുറച്ചെങ്കിലും അറിയുന്നയാളുമാണെന്നാണ് ഞാൻ കരുതിയത്. പക്ഷേ, ഇക്കാര്യം പറഞ്ഞുകൊണ്ട് താൻ അജ്ഞനാണെന്ന് അദ്ദേഹം പ്രകടിപ്പിച്ചിരിക്കുകയാണ്. ഏതൊരു മസീഹിന്റെ പ്രതിനിധിയാണെന്നാണോ അദ്ദേഹം വാദിക്കുന്നത്, ആ മഹാത്മാവിന്റെ അദ്ധ്യാപനമനുസരിച്ച് ലോകത്ത് സമാധാനം സ്ഥാപിക്കാൻ ശ്രമിക്കണമായിരുന്നു. ആ മഹാത്മാവ് ശത്രുക്കളോടും നല്ലരീതിയിൽ പെരുമാറാനാണ് പഠിപ്പിച്ചിട്ടുള്ളത്. ഞാൻ പറഞ്ഞതുപോലെ നബി(സ) തിരുമേനിയേയും വിശുദ്ധഖുർആനേയും കുറിച്ച് തെറ്റായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഒരുവശത്ത് മുസ്ലിംകളുടെ വികാരത്തെ തൊട്ടാണ് അദ്ദേഹം കളിച്ചിരിക്കുന്നത്. വികാരത്തിനുമേൽ നിയന്ത്രണമില്ലാത്ത അവർ തെറ്റായരീതിയിൽ പ്രതികരിക്കുന്നതിലൂടെ ഇക്കൂട്ടർക്ക് കൂടുതൽ ദുഷ്പ്രചാരണം നടത്താൻ അവസരം കിട്ടുകയും ചെയ്യും. മറുവശത്ത്, ഇസ്ലാമിനെ ഭീകരവാദമതമെന്ന് മനസ്സിലാക്കുന്ന പാശ്ചാത്യരായ പോപ്പിന്റെ അനുയായികളുടെ ഉള്ളിൽ മുസ്ലിംകൾക്കെതിരിൽ കൂടുതൽ വൈരാഗ്യവും വെറുപ്പും പരക്കുന്നതുമാണ്. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. കുഴപ്പങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും ലോകത്തെ രക്ഷിക്കുമാറാകട്ടെ. അഹ്മദികൾ എപ്പോഴും ഇങ്ങനെ പ്രാർത്ഥിക്കേണ്ടതാണ്. പ്രാർത്ഥനയോടൊപ്പം ഓരോ രാജ്യത്തും അദ്ദേഹത്തിന്റെ ആക്ഷേപത്തിന് മറുപടി നല്കേണ്ടതുമാണ്. നമുക്ക് ഈ രണ്ട് ആയുധമേയുള്ളൂ. ഇതുകൊണ്ടാണ് നാം പ്രവർത്തിക്കേണ്ടത്. മറ്റൊരു പ്രതികരണവും അഹ്മദികളിൽനിന്ന് ഒരിക്കലും ഉണ്ടായിട്ടില്ല. ഇൻശാഅല്ലാഹ്, ഉണ്ടാകുകയുമില്ല.

വിശുദ്ധഖുർആനും, നബി(സ) തിരുമേനിയ്ക്കുമെതിരിൽ പോപ്പ് ഉന്നയിച്ച ആക്ഷേപത്തിന്റെ ചുരുക്കം ഞാൻ വായിച്ചുകേൾപ്പിക്കാം. അദ്ദേഹം പറയുന്നു: ഞാനൊരു സംവാദം വായിച്ചിരുന്നു. ഒരു യൂണിവേഴ്സിറ്റി പ്രൊഫസറാണ് അതിന്റെ മൂലഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ പുരാതനസം

ജർമ്മനിയിലെ തന്റെ ജന്മനാടായ ബവേറിയയിൽ സന്ദർശനം നടത്തവെ റീഗൻസ്ബർഗ് സർവ്വകലാശാലയിൽ 12.9.2006 ചൊവ്വാഴ്ച നടത്തിയ പ്രഭാഷണത്തിൽ ഇസ്ലാമിന്നെതിരെ ബെനഡിക്ട് 16-ാമൻ മാർപ്പാപ്പ വിവാദപരമായ പരാമർശം നടത്തിയിരുന്നു. ജിഹാദിനെ വിമർശിച്ച പോപ്പ് ഇസ്ലാമിനെ അക്രമവുമായി താദാത്മ്യപ്പെടുത്തുന്നതിന് 14-ാം നൂറ്റാണ്ടിലെ ഒരു ക്രിസ്ത്യൻ ചക്രവർത്തിയുടെ വാക്കുകളെ കൂട്ടുപിടിച്ചിരുന്നു. അതിനുള്ള മറുപടിയാണ് ഈ ഖുത്ബ്ബ.

വാദം, ജെസർട്ട്മാനുവലും ഒരു ഫാർസി പണ്ഡിതനുമായിട്ട് 1391-ൽ നടന്നതാണ്. പിന്നീട് ഈ സംവാദം ഒരു ക്രിസ്തീയപണ്ഡിതനാണ് പ്രസിദ്ധീകരിച്ചത്. അതുകൊണ്ട് അദ്ദേഹം തന്റെ കാര്യങ്ങളാണ് കൂടുതൽ പറഞ്ഞിട്ടുള്ളതെന്ന് അംഗീകരിച്ചിട്ടുമുണ്ട്. ഇതിൽനിന്നുതന്നെ അദ്ദേഹത്തിന്റെ വിശ്വസ്തത മനസ്സിലാക്കാവുന്നതാണ്. മുസ്ലിംപണ്ഡിതൻ പറഞ്ഞ കാര്യങ്ങൾ വളരെ കുറച്ചുമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ, തന്റേതായ കാര്യങ്ങൾ വിശദീകരിച്ച് കൊടുത്തിട്ടുമുണ്ട്. എന്തായാലും, തന്റെ പ്രസംഗത്തിൽ ഒരു കാര്യത്തെക്കുറിച്ച് പറയുമെന്ന് പറഞ്ഞുകൊണ്ട് പോപ്പ് പറയുന്നു: കൈസർ ജിഹാദിനെക്കുറിച്ച് പറയുന്നുണ്ട്. കൈസറിന് സൂറഃബഖറയിൽ 256-ാമത്തെ വചനത്തെക്കുറിച്ച് അറിവുണ്ടായിരുന്നു. അതായത്, ഇസ്ലാമിൽ മതവിശ്വാസകാര്യത്തിൽ ബലാൽക്കാരമില്ല. എന്നാൽ ജിഹാദിനെ സംബന്ധിച്ച ഖുർആനിലെ മറ്റു പ്രതിപാദ്യങ്ങളെ സംബന്ധിച്ചും കൈസറിന്നറിയാമായിരുന്നു. ഖുർആനിൽ ഇക്കാര്യം വിശദീകരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, അഹ്‌ലെ കിതാബിനോടും- ഗ്രന്ഥാനുസാരികളോടും സത്യനിഷേധികളോടും വിവിധ രീതിയിൽ പെരുമാറണമെന്ന് പറഞ്ഞതുതന്നെ. കൈസർ കൊടുത്ത ഉദ്ധരണി എടുത്തുകൊണ്ട് പറയുന്നു. കൈസർ ശക്തമായ വാക്കുകളിൽ അടിസ്ഥാനപരമായ ചോദ്യം സംസാരമധ്യേ ചോദിക്കുന്നുണ്ട്. മതവും ബലാൽക്കാരവും തമ്മിൽ എന്താണ് ബന്ധം? പിന്നീട് പറയുന്നു: മുഹമ്മദ്(സ) പുതിയതായി എന്തു കാര്യമാണ് കൊണ്ടുവന്നതെന്ന് എനിക്കൊന്നു കാണിച്ചുതരിക. ദുഷിച്ചതും മനുഷ്യത്വരഹിതവുമായ പാഠങ്ങൾ മാത്രമാണ് നിങ്ങൾക്ക് കിട്ടിയിട്ടുള്ളത്. ഇതിനുശേഷം മുഹമ്മദ്(സ) പഠിപ്പിച്ചത്, അദ്ദേഹം കൊണ്ടുവന്ന അധ്യാപനം വാളിന്റെ ശക്തിയാൽ പ്രചരിപ്പിക്കാനാണ്. ഇന്നാലില്ലാഹ്. അദ്ദേഹം പറയുന്നു: കരബലംകൊണ്ട് മതം പ്രചരിപ്പിക്കുകയെന്നത് എന്തുകൊണ്ടാണ് ബുദ്ധിക്ക് വിരുദ്ധമായിട്ടുള്ളതെന്ന് കൈസർ തുടർന്ന് വിശദീകരിക്കുന്നുണ്ട്. ഈ അദ്ധ്യാപനം ദൈവത്തിന്റെ സത്തയോടും ആത്മാവിന്റെ സത്തിനോടും യോജിക്കാത്തതാണ്. ദൈവത്തിന് യുദ്ധം ഇഷ്ടമല്ല. യുക്തിവിരുദ്ധമായ കർമ്മം ദൈവത്തിന്റെ സത്തയുമായി ഇടഞ്ഞുനില്ക്കുന്നതാണ്. വിശ്വാസമെന്നത് ആത്മാവിന്റെ കനിയാണ്. ശരീരത്തിന്റേതല്ല. തുടർന്ന് പറയുന്നു: കൈസർ വളർന്നത് യൂനാനീ തത്ത്വശാസ്ത്ര ശിക്ഷണത്തിന് വിധേയനായിക്കൊണ്ടാണ്. മുകളിൽ പറഞ്ഞത് വ്യക്തമായ ഒരു പരമാർത്ഥമാണ്. ഇസ്ലാമികാദ്ധ്യാപനമനുസരിച്ച് ദൈവം നിരുപാധികം എല്ലാം വഹിച്ചുകൊണ്ടിരിക്കുന്ന അസ്തിത്വമാണ്. ഏതെങ്കിലും താൽക്കാലികമായ കാര്യത്തിന് വിധേയനല്ല. ബുദ്ധിശക്തിക്കും വിധേയനല്ല.

പിന്നീട് ഇബ്നുഹസമിന്റേതെന്ന് പറഞ്ഞ് ഒരു ഉദ്ധരണി എടുത്തുദ്ധരിക്കുന്നു. ദൈവത്തെക്കൊണ്ട് നിർബന്ധിച്ച് സത്യത്തെ വെളിപ്പെടുത്താൻ ഒരു വസ്തുവിനും സാധ്യമല്ല. അവനിച്ഛിക്കുകയാണെങ്കിൽ മനുഷ്യന് ബിംബാരാധനയും നടത്തേണ്ടിവരും. ഇബ്നുഹസം ഇങ്ങനെ പറഞ്ഞിട്ടുണ്ടോ ഇല്ലേ എന്നറിയില്ല. അതെവിടെനിന്നെടുത്തു എന്നു സൂചന നല്കിയിട്ടുമില്ല. പിന്നീടദ്ദേഹം എഴുതുന്നു. ദൈവത്തിന് യുക്തിവിരുദ്ധമായി പ്രവൃത്തി ചെയ്യാൻ സാധിക്കുകയില്ലെന്നത് ഒരു യൂനാനീ വിശ്വാസമാണോ? അതല്ലെങ്കിൽ ശാശ്വതവും അതിന്റെ സത്താപരമായനിലയിലും ഒരു യാഥാർത്ഥ്യമാണോ? എന്റെ അഭിപ്രായത്തിൽ ബൈബിളിലധിഷ്ഠിതമായ ദൈവവിശ്വാസവും യൂനാനികളുടെ ചിന്താഗതിയും തമ്മിൽ ആഴത്തിലുള്ള സാദൃശ്യം കാണുന്നുണ്ട്.

ഫാർസിപണ്ഡിതന്റെ മറുപടിക്കെതിരിൽ കൈസർ ദീർഘമായ വിശദീകരണം നല്കിയിരിക്കുന്നുവെന്ന് ആദ്യമെ സമ്മതിച്ച കാര്യമാണ്. ഏതൊരു ക്രിസ്ത്യാനിയാണോ ഇക്കഥ എഴുതിയിട്ടുള്ളത്, അയാൾ തന്റെ വലുപ്പത്തം പ്രകടിപ്പിക്കുന്നതിനായി തന്റെ തെളിവ് ശക്തമാക്കുമെന്നത് വ്യക്തമാണ്. മറുപക്ഷത്തെ തെളിവുകൾ കൊടുക്കുകയുമില്ല. തീർച്ചയായും ഇതിൽ നീതിപൂർവ്വം പ്രവർത്തിച്ചിട്ടുണ്ടാകുകയില്ല.

എന്തുമായിക്കൊള്ളട്ടെ, നമ്മൾ അഹ്മദികൾ എന്താണ് മനസ്സിലാക്കുന്നത്? വിശുദ്ധഖുർആന്റേയും നബി(സ) തിരുമേനിയുടെ ജീവിതമാതൃകയുടേയും അടിസ്ഥാനത്തിൽ ഞാനിതിനെക്കുറിച്ച് സംക്ഷിപ്തമായി പറയാം. പോപ്പിന്റെ ചോദ്യത്തിനുള്ള മറുപടി ഇൻശാഅല്ലാഹ് തയ്യാറാക്കുന്നതാണ്. അതദ്ദേഹത്തിനെത്തിക്കാൻ പരിശ്രമിക്കുന്നതുമായിരിക്കും; ഇതുവരെ ഇസ്ലാമിന്റെ ശരിയായ അദ്ധ്യാപനം അദ്ദേഹത്തിന്നറിയില്ലെങ്കിൽ അദ്ദേഹം കുറച്ച് മനസ്സിലാക്കാൻ വേണ്ടി. തന്റെ സ്ഥാനം മനസ്സിലാക്കിക്കൊണ്ട് നീതിപൂർവ്വം അത് വായിക്കുകയും ചിന്തിക്കുകയും വേണമെന്ന് മാത്രം.

നമ്മുടെ മനസ്സിൽ ഹസ്റത്ത് ഈസാ(അ)ന് വളരെ ബഹുമാനമാണുള്ളത്. ഞങ്ങൾ അദ്ദേഹത്തെ അല്ലാഹുവിന്റെ നബിയായിട്ട് വിശ്വസിക്കുന്നു. എന്നല്ല, ഓരോ ജനതയിലും എത്രയെത്ര നബിമാർ വന്നി

ട്ടുണ്ടോ അവരെയെല്ലാം വിശ്വസിക്കുകയും ആദരിക്കുകയും ചെയ്യുന്നു. മുസ്ലിംകളുടെ വികാരങ്ങളെ മാനിച്ചുകൊണ്ട് ക്രിസ്ത്യാനികളും നബി(സ) തിരുമേനിയെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യേണ്ടതാണ്. കൈസറിന്റെ വാക്കുകൾ എടുത്തു ദ്ധരിച്ചുകൊണ്ട് പോപ്പ് സാഹിബ് പറയുന്നത്, ബഖറ എന്ന അദ്ധ്യായത്തിന്റെ 256-ാമത്തെ വചനത്തെ സംബന്ധിച്ച് കൈസറിന് തീർച്ചയായും അറിവുണ്ടായിരുന്നു എന്നാണ്. ആ വചനമാണ് ***ലാ ഇക്റാഹ ഫിദ്ദീൻ***. മതകാര്യത്തിൽ ഒരുവിധത്തിലുള്ള ബലപ്രയോഗവുമില്ല.

പറയുന്നു: ഈ അദ്ധ്യായം ആദ്യകാലത്തിറങ്ങിയ അദ്ധ്യായങ്ങളിൽപ്പെട്ടതാണ്. (എന്നാൽ, മദീനയിൽ വന്നതിനുശേഷം ഒന്നാമത്തെ വർഷമോ രണ്ടാമത്തെ വർഷമോ ഇറങ്ങിയതാണെന്ന് അദ്ദേഹം അറിയാതെപോയി.) പക്ഷേ, കൈസറിന് മറ്റ് അദ്ധ്യായങ്ങളെക്കുറിച്ചും ജിഹാദിനെ സംബന്ധിച്ചുള്ള മറ്റു അദ്ധ്യാപനങ്ങളെ കുറിച്ചുമറിയാമായിരുന്നു. (അറിവുണ്ടായിരുന്നോ ഇല്ലേ എന്ന് നമുക്കറിയില്ല. പക്ഷേ, മതപരമായ ഏകപക്ഷീയത അദ്ദേഹത്തിനുണ്ടായിരുന്നുവെന്നതാണ് വാസ്തവം.) പറയുന്നു: മതത്തിൽ ബലപ്രയോഗ സങ്കല്പം ഇല്ലെങ്കിലും ഗ്രന്ഥാനുസാരികളോടും സത്യനിഷേധികളോടും വിവിധ രീതിയിൽ പെരുമാറണമെന്നുള്ള നിർദ്ദേശം ഖുർആനിലുണ്ട്. നഊദുബില്ലാഹ്. നബി(സ) തിരുമേനിയുടെ അദ്ധ്യാപനങ്ങളിൽ ദുഷിച്ചതും മനുഷ്യത്വരഹിതവുമായ അദ്ധ്യാപനങ്ങളല്ലാതെ മറ്റൊന്നും ലഭിക്കുന്നില്ല. ഇസ്ലാമിനെ വാളിന്റെ ശക്തികൊണ്ട് പരത്താൻ നബി(സ) പറഞ്ഞതായി അദ്ദേഹം ആരോപിക്കുന്നു. ഇസ്ലാമിന്റെ അദ്ധ്യാപനവുമായി വിദൂരബന്ധംപോലുമില്ലാത്ത ഒരു കാര്യം തെറ്റായ നിലയിൽ സ്വയം ഉന്നയിച്ചുകൊണ്ട്, ഇത് യുക്തിവിരുദ്ധമായ കാര്യമാണെന്ന് തന്നത്താൻ വിധിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. അത് ദൈവികനീതിയ്ക്ക് നിരക്കാത്തതാണെന്നും അദ്ദേഹം പറയുന്നു. ബുദ്ധിമാനായ ഒരു മനുഷ്യന് ശക്തിയുടേയും ബലപ്രയോഗത്തിന്റേയും ആയുധത്തിന്റേയും ആവശ്യമില്ല. എന്നല്ല, ഒരു ബുദ്ധിമാന് ആയുധത്തിന്റേയും ബലപ്രയോഗത്തിന്റേയും ആവശ്യമില്ലെന്നതാണ് ശരിയായ കാര്യം. (തികച്ചും ശരിയായിട്ടുള്ള കാര്യമാണ് ഇദ്ദേഹം പറഞ്ഞത്. അതിന്റെ ആവശ്യം ഒട്ടും തന്നെയില്ല) എന്നാൽ, ഇക്കാലത്തെ ഇവരുടെ വമ്പിച്ച ശക്തികൾ, ആയിരക്കണക്കിനു മൈൽ ദൂരത്തുള്ള ജനതകളുടെ പ്രശ്നങ്ങളിൽ കടന്നുകയറി, എന്തിനാണ് തങ്ങളുടെ ശക്തി പ്രയോഗിക്കുന്നത്? ഇതിനു മറുപടി അദ്ദേഹം പറയുന്നില്ല. എന്താണ് ശരിയായിട്ട് ചെയ്യുന്നതെന്നും എന്താണ് തെറ്റായിട്ട് ചെയ്യുന്നതെന്നുമുള്ള കാര്യം ആദ്യം ഇക്കൂട്ടർ തങ്ങളുടെ ആളുകൾക്കാണ് മനസ്സിലാക്കിക്കൊടുക്കേണ്ടത്. ക്രിസ്തുമതത്തിന്റെ ചരിത്രത്തിലും അവർ പരസ്പരം ചെയ്ത യുദ്ധങ്ങളുണ്ട്. അതവർക്ക് കാണാൻ കഴിയുന്നില്ല. അത് ഏത് കോളത്തിലാണ് വരവ് വയ്ക്കുന്നത്. സ്പെയിനിൽ ഉണ്ടായതൊക്കെ ഏതു കണക്കിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്? അവിടെ വിപ്ലവവും കലാപവും ഉണ്ടായി. അതിവിടെ ഞാൻ വിശദീകരിച്ചു പറയുന്നില്ല. എല്ലാവർക്കും അതറിയാം.

മറ്റു അദ്ധ്യാപനങ്ങളെക്കുറിച്ചും കൈസർക്കറിയാമായിരുന്നുവെന്നാണല്ലോ ഇദ്ദേഹം പറയുന്നത്. മതം പ്രചരിപ്പിക്കുന്നതിനുള്ള ഇസ്ലാമികാദ്ധ്യാപനം എന്താണ്? നബി(സ) തിരുമേനിയുടെ പ്രവൃത്തി എന്തായിരുന്നു. അറിയാമായിരുന്നു എന്ന് പറയപ്പെടുന്ന വ്യക്തിക്ക് അതിനെക്കുറിച്ച് ഒന്നുമറിയില്ല. അതെന്തായിരുന്നുവെന്ന് ഞാൻ പറയാം.

ഇസ്ലാം പ്രകൃതിമതമാണ്. നിങ്ങളുടെ ഒരു കരണത്തടിച്ചാൽ മറ്റേതും കാണിച്ചുകൊടുക്കുക എന്ന പാഠം തീർച്ചയായും അത് നല്കിയിട്ടില്ല. ആർക്കാണോ ഈ അദ്ധ്യാപനം നല്കപ്പെട്ടിട്ടുള്ളത്, എത്രത്തോളം അത് പ്രായോഗികമാക്കുന്നുണ്ടെന്ന് അവർ പറയട്ടെ. അവരുടെ അദ്ധ്യാപനത്തിന്റെ ഈ കല്പന തന്നെയാണ് ഇക്കാലഘട്ടത്തിൽ ക്രിസ്ത്യാനികളെ ക്രിസ്തുമതത്തിൽ നിന്നകറ്റിയത്. ഞായറാഴ്ച ഇവർ പള്ളിയിൽ പോകണം. ഇപ്പോൾ വൃദ്ധരും വൃദ്ധകളുമല്ലാതെ ആ ദിവസവും ആരും പോകാറില്ല. ചർച്ചുകൾ, മറ്റാവശ്യങ്ങൾക്കായി അവർ വാടകയ്ക്കു കൊടുക്കാൻ തുടങ്ങിയിരിക്കുന്നു. പാശ്ചാത്യ ലോകത്ത് നിരവധി സ്ഥലങ്ങളിൽ ചർച്ചുകളുടെ മുമ്പിൽ 'ഫോർ സെയിൽ' എന്ന ബോർഡ് സ്ഥാപിച്ചിരിക്കുന്നു. അമേരിക്കയിലെ ഒരു പ്രൊഫസറായ അഡ്വന്റ് നീവസ് എഴുതിയിരിക്കുന്നു: "20-ാം നൂറ്റാണ്ടിലെ ആളുകൾ മസീഹിനെ ദൈവമായി അംഗീകരിക്കാൻ തയ്യാറല്ല." "യൂറോപ്പിലേയും അമേരിക്കയിലേയും പുരുഷന്മാരുടേയും സ്ത്രീകളുടേയും വലിയൊരു വിഭാഗം ഇപ്പോൾ ക്രിസ്ത്യാനികളല്ല" എന്ന് സെന്റ് ജോൺസ് കോളേജ് ഓക്സ്ഫോർഡിന്റെ പ്രസിഡന്റ് സർ സൈറൻ എഴുതിയിരിക്കുന്നു. ആഫ്രിക്കയിലെ ക്രിസ്ത്യാനികളെക്കുറിച്ചും ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. ക്രിസ്തുമതത്തിന്റെ അദ്ധ്യാപനങ്ങളെല്ലാം അവസാനിച്ചുകൊണ്ടിരിക്കുന്നുവെന്ന് അവർ സ്വയം അംഗകരിക്കുന്നു. അതുകൊണ്ടാണ്

ഇസ്ലാമിന്നെതിരിൽ ഇത്തരം വിലങ്ങുകൾ ഉപയോഗിക്കാൻ ഇവർ മുതിരുന്നത്.

ഇസ്ലാം ബലാൽക്കാരത്തിന്റെ മതമാണെന്ന് അമുസ്ലിംകൾ പറയുന്നതിന്റെ വസ്തുതയെന്താണ്? ഇവർ പറയുന്നത് കൈസറിന് ഖുർആന്റെ കല്പനകളെക്കുറിച്ച് വിവരമുണ്ടായിരുന്നുവെന്നാണ്. എന്നാൽ, ഖുർആൻ എന്താണ് പറയുന്നതെന്ന് നോക്കുക. അല്ലാഹു പറയുന്നു:

***വ ഖുലിൽഹഖ്ഖു മിൻർറബ്ബിക്കും ഫമൻശാഅ ഫൽയുഅ്മിൻ വമൻശാഅ ഫൽയക്ഫുർ***

അല്ലാഹു, നബി(സ) തിരുമേനിയെക്കൊണ്ട് വിളംബരം ചെയ്യിച്ചു. ലോകത്തോടു പറയുക, ഇസ്ലാം സത്യമാണ്. അത് നിങ്ങളുടെ രക്ഷിതാവിൽനിന്നുള്ളതാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ. (*18:30*) കാരണം ദീനികാര്യങ്ങളിൽ ബലപ്രയോഗം പാടില്ല എന്ന കല്പനയാണുള്ളത്.

വീണ്ടും അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: ***ഖുൽ യാ അയ്യുഹന്നാസു ഖദ് ജാഅക്കുമുൽഹഖ്ഖു മിൻറബ്ബിക്കും ഫമനിഹ്തദാ ഫഇന്നമാ യഹ്തദീ ലി നഫ്സിഹീ വമൻള്ളല്ല ഫഇന്നമാ യളില്ലു അലയ്ഹാ വമാ അന അലയ്ക്കും ബിവക്കീൽ***

പ്രവാചകരേ, താങ്കൾ ജനങ്ങളോടു പറയുക. മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിൽനിന്ന് നിങ്ങൾക്ക് സത്യം വന്നുകിട്ടിയിരിക്കുന്നു. അതിനാൽ ആരെങ്കിലും നേർമാർഗ്ഗം പ്രാപിക്കുന്നതായാൽ അവൻ തന്റെ ഗുണത്തിനുവേണ്ടിത്തന്നെയാണ് നേർമാർഗ്ഗം പ്രാപിക്കുന്നത്. വല്ലവനും വഴിതെറ്റിപ്പോകുന്നപക്ഷം തനിക്ക് ദോഷകരമായിട്ടുതന്നെയാണ് അവൻ വഴി തെറ്റിപ്പോകുന്നത്. ഞാൻ നിങ്ങളുടെ മേൽ കാര്യനിർവാഹകനല്ല. (*10:109*)

ഇത് നബി(സ) തിരുമേനി ചെയ്തുകാണിക്കുകയും ചെയ്തു. അൻസാറുകൾ തങ്ങൾക്കു ജനിച്ച കുട്ടികളെ അവരുടെ ജനനസമയത്ത് യഹൂദികളായ ബനുനസീർ ഗോത്രക്കാർക്ക് കൊടുത്തിരുന്നു. ബനുനസീർ ചില കുറ്റം ചെയ്തകാരണത്താൽ നാടുകടത്തപ്പെട്ടു. അപ്പോൾ അൻസാറുകൾ തങ്ങളുടെ മക്കളെ തിരിച്ചു ചോദിച്ചു. നബി (സ) പറഞ്ഞു: അത് പാടില്ല. നിങ്ങൾ കൊടുത്തത്, കൊടുത്തതുതന്നെ. ഒരുതരത്തിലുള്ള ബലാൽക്കാരവും പാടില്ല. അവർ അവരുടെയടുത്തുതന്നെ താമസിക്കും. ഇതായിരുന്നു അവിടത്തെ അദ്ധ്യാപനം. ഇക്കാരണത്താൽ അവിടത്തെ അനുയായികളും ഖലീഫമാരും അത് മനസ്സിലാക്കി പ്രവർത്തിച്ചിരുന്നു.

ഹസ്റത്ത് ഉമർ(റ)ന്റെ ഒരടിമ സ്വയം പറയുന്നു: മുസ്ലിമാകാൻ ഹസ്റത്ത് ഉമർ പല പ്രാവശ്യം എന്നോടു പറഞ്ഞു. പക്ഷേ, ഞാൻ നിഷേധിക്കുമ്പോൾ അവിടന്ന് പറയും, ശരിതന്നെ. ഇസ്ലാമിൽ ബലപ്രയോഗമില്ല. അവിടത്തെ മരണസമയം അടുത്തുവന്നപ്പോൾ, ഞാൻ നിന്നെ സ്വതന്ത്രനാക്കുന്നുവെന്ന് ഉമർ തന്റെ അടിമയോടു പറഞ്ഞു. നിനക്കിഷ്ടമുള്ളടത്തേക്ക് പോകാം. ഇസ്ലാമിലെ മതസ്വാതന്ത്ര്യത്തിന്റെ പാഠമിതാണ്. പ്രവർത്തനം ഇതാണ്. അടിമയുടെ മേൽപോലും ബലം പ്രയോഗിച്ചില്ല. പോപ്പ് സാഹിബ് പറയുന്നത് അക്രമവും ബലാൽക്കാരവും ചെയ്യാൻ ഇസ്ലാം കല്പിക്കുന്നുവെന്നാണ്.

വീണ്ടും വിശുദ്ധഖുർആൻ പറയുന്നു: ***വ ഖുൽല്ലില്ലദീന ഊതുൽകിതാബ വൽഉമ്മിയ്യീന അഅസ്ലംതും ഫഇൻ അസ്ലമൂ ഫഖദിഹ്തദവ് വഇൻതവല്ലഖ് വഇന്നമാ അലയ്ക്കൽബലാഗ് വല്ലാഹു ബസ്വീറുൻബിൽഇബാദ്.***

പ്രവാചകരേ, ഗ്രന്ഥം നല്കപ്പെട്ടവരോടും നിരക്ഷരരോടും (ബഹുദൈവാരാധകരോടും) നിങ്ങൾ ഇസ്ലാം സ്വീകരിക്കുന്നുവോ എന്നു ചോദിക്കുക. അവർ അനുസരിക്കുകയാണെങ്കിൽ, ഇസ്ലാം സ്വീകരിക്കുകയാണെങ്കിൽ അവർ നേർമാർഗ്ഗം പ്രാപിച്ചു. ഇനി അവർ പിന്തിരിഞ്ഞുകളയുന്നതായാൽ എത്തിക്കുക എന്നതു മാത്രമാണ് നിനക്കുള്ള ബാധ്യത. അല്ലാഹു (തന്റെ) ദാസന്മാരുടെ സ്ഥിതിഗതികൾ നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ്. (3:21) അതായത്, ആരെ പിടിക്കണമെന്നും ആരെ ശിക്ഷിക്കണമെന്നും എങ്ങനെ പെരുമാറണമെന്നുമൊക്കെ നോക്കേണ്ടത് അല്ലാഹുവിന്റെ ജോലിയാണ്. ഞാനോതിയ അവസാനത്തെ വചനം മക്കാവിജയത്തിനുശേഷം ഇറങ്ങിയതാണ്. അന്ന് ശക്തിയും പ്രതാപവും ഇസ്ലാമിന് കൈവന്നിരുന്നു. ആക്ഷേപം ഉന്നയിക്കുന്നതിനുപകരം വിവേകത്തോടും നീതിയോടുംകൂടി പ്രവർത്തിക്കുകയാണ് വേണ്ടത്.

ബലാൽക്കാരം ചെയ്തതിന് ഒരുദാഹരണം പോലും ഇസ്ലാമിൽ കിട്ടുകയില്ല. നബി(സ) തിരുമേനി ബലാൽക്കാരം ചെയ്തുവെന്ന് ആക്ഷേപം ഉന്നയിക്കുന്നു. കാപട്യത്തോടെ ആരെങ്കിലും ഇസ്ലാം സ്വീകരിക്കുന്നതുപോലും അവിടന്ന് സഹിച്ചിരുന്നില്ല. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അവിശ്വാസിയായ ഒരു തടവുകാരൻ ഹാജരാക്കപ്പെട്ടു. എന്നെ എന്തിനാണ് തടവിലാക്കിയത്, ഞാൻ മുസൽമാനാ

ണെന്ന് അയാൾ പറഞ്ഞു. അവിടന്ന് പറഞ്ഞു, അങ്ങനെയല്ല. നീ ആദ്യമെ ഇസ്ലാം സ്വീകരിച്ചിരുന്നുവെങ്കിൽ അത് നേരാകുമായിരുന്നു. ഇപ്പോൾ താങ്കൾ യുദ്ധത്തടവുകാരനാണ്. സ്വതന്ത്രനാകുന്നതിനുവേണ്ടിയാണ് മുസ്ലിമാകുന്നത്. നിർബന്ധിച്ച് അയാളെക്കൊണ്ട് ഇസ്ലാം സ്വീകരിപ്പിക്കാൻ അവിടന്ന് ഇഷ്ടപ്പെട്ടില്ല. എന്നല്ല, അവിടന്ന് ആഗ്രഹിച്ചിരുന്നത് ഹൃദയം അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പിക്കാനാണ്. പിന്നീട് ആ തടവുകാരനെ മോചിപ്പിക്കുകയും ചെയ്തു.

ഇസ്ലാമിൽ യുദ്ധം ചെയ്യാൻ കല്പനയുണ്ട്. അത് ശത്രു യുദ്ധം തുടരുന്നതുവരെ മാത്രമാണ്. അല്ലെങ്കിൽ കലഹം ഇല്ലാതാകുന്നതുവരെയാണ്. അവസ്ഥ നോർമലാവുകയും, കുഴപ്പം അവസാനിക്കുകയും ചെയ്താൽ പിന്നെ നിങ്ങൾക്ക് യുദ്ധം ചെയ്യാൻ അവകാശമില്ല. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: ***വ ഖാതിലൂഹും ഹത്താ ലാ തക്കൂന ഫിത്നത്തുൻ വ്വയക്കൂനദ്ദീനു ലില്ലാഹ് ഫഇനിൻതഹവ് ഫലാ ഉദ്വാന ഇല്ലാ അലള്ളാലിമീൻ***

അല്ലയോ മുസ്ലിംകളേ, നിങ്ങളോടു യുദ്ധം ചെയ്യുന്നവരോട് നിങ്ങളും യുദ്ധം ചെയ്യുക; ഫിത്ന ഇല്ലാതാകുകയും മതം (സ്വീകരിക്കുന്നത്) അല്ലാഹുവിനുവേണ്ടിയുള്ളതാവുകയും ചെയ്യുന്നതുവരെ. എന്നാൽ, അവർ വിരമിക്കുകയാണെങ്കിൽ, അക്രമികളല്ലാത്തവരുടെമേൽ ഒരു കൈയ്യേറ്റം വിഹിതമല്ല. (*2:194*)

നിങ്ങളോടു യുദ്ധം ചെയ്യുന്ന സത്യനിഷേധികളോടു ഫിത്ന ഇല്ലാതാകുന്നതുവരെ നിങ്ങളും യുദ്ധം ചെയ്യാൻ അല്ലാഹു പറയുന്നു. ഇതിനെ വിശദീകരിച്ചുകൊണ്ട് ഒരിടത്ത് പറഞ്ഞിരിക്കുന്നു. ഇബ്നു ഉമർ(റ) പറയുന്നു: ഞാൻ ഈ കല്പന പ്രാവർത്തികമാക്കിയതിങ്ങനെയാണ്. നബി(സ) തിരുമേനിയുടെ കാലത്ത് മുസ്ലിംകൾ വളരെ കുറവായിരുന്നപ്പോൾ, ഇസ്ലാം വിശ്വസിക്കുന്നയാളെ മതത്തിന്റെ വഴിയിൽ സത്യനിഷേധികൾ പീഡിപ്പിച്ചിരുന്നു. ചിലരെ കൊല്ലുകയും ചിലരെ തടവിലാക്കുകയും ചെയ്തിരുന്നു. മുസ്ലിംകളുടെ എണ്ണം പെരുകുകയും ശക്തി കൂടുകയും പുതുവിശ്വാസികളെ ഒരു ഫിത്നയും ബാധിക്കാതിരിക്കുകയും ചെയ്യുന്നതുവരെ ഞങ്ങൾ യുദ്ധം ചെയ്തു. സത്യനിഷേധികളിൽനിന്നുള്ള ഫിത്ന അവസാനിച്ചതോടെ, എല്ലാ കാര്യങ്ങളും അവസാനിച്ചു. വീണ്ടും അല്ലാഹു പറയുന്നു: ***യാ അയ്യുഹല്ലദീന ആമനൂ കൂനൂ ഖവ്വാമീന ലില്ലാഹി ശുഹദാഅ ബിൽഖിസ്തി വലാ യജ്രിമന്നക്കും ശനആനു ഖൗമിൻ അലാ അല്ലാ തഅ്ദിലൂ- ഇഅ്ദിലൂ- ഹുവ അഖ്റബു ലിത്തഖ്വാ വത്തഖുല്ലാഹ- ഇന്നല്ലാഹ ഖബീറുൻബിമാ തഅ്മലൂൻ***

വിശ്വസിച്ചവരേ, നിങ്ങൾ നീതിക്കു സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്. (*5:9*)

ഈ നീതിയായിരുന്നു നബി(സ) തിരുമേനിയുടെ ജീവിതകാലത്ത് ഒരു ഇൻഖിലാബ് ഉണ്ടാക്കിയത്. അതിനുശേഷവും ഈ മാറ്റം ഉണ്ടായി. സഹാബിമാരുടെ ജീവിതം നോക്കുകയും, പരിശോധിക്കുകയും ചെയ്യുകയാണെങ്കിൽ, അവരിലുണ്ടായ മാറ്റം ബലാൽക്കാരപൂർവ്വം മതം മാറുന്നതുകൊണ്ട് ഉണ്ടാകുകയില്ലെന്ന് കാണാം. എന്നാൽ, ഹൃദയത്തിൽ മാറ്റമുണ്ടാകുമ്പോഴും ശത്രുക്കൾപോലും ആകൃഷ്ടരായി മാറുംവിധമുള്ള പെരുമാറ്റം ഉണ്ടാകുമ്പോഴുമാണ് ആ അവസ്ഥ വരുന്നത്.

മക്കാവിജയത്തിന്റെ അവസരത്തിലുണ്ടായ സംഭവം നോക്കുക. ഇക്രിമ ഇസ്ലാമിന്റെ കഠിനശത്രുവായിരുന്നു. അയാൾ നാടുവിട്ടോടി. അയാളുടെ ഭാര്യ അയാളെ തിരിച്ചുകൊണ്ടുവരാൻ, നബി(സ) തിരുമേനിയോട് മാപ്പിന് അപേക്ഷിച്ചു. അവിടന്ന് മാപ്പ് നല്കി. പിന്നീട് അദ്ദേഹത്തിലുണ്ടായ മാറ്റം എന്തായിരുന്നു. വാളിന്റെ ശക്തിയാലുണ്ടാക്കാവുന്ന മാറ്റമായിരുന്നില്ല അത്. സ്നേഹത്തിലൂടെയല്ലാതെ ഉണ്ടാക്കാൻ കഴിയാത്ത അഭിവൃദ്ധിയാണ് അദ്ദേഹത്തിന്റെ വിശ്വാസത്തിലുണ്ടായത്. ആത്മാർത്ഥതകൊണ്ട് അദ്ദേഹത്തിന്റെ ഹൃദയം നിറഞ്ഞു. അത് സ്നേഹത്തിലൂടെയല്ലാതെ ഉണ്ടാകുമായിരുന്നില്ല. ത്യാഗത്തിന്റെ നില ഉയർന്നു. അത് ഹൃദയത്തിനു മാറ്റമുണ്ടാകാതെ വർദ്ധിക്കുമായിരുന്നില്ല. ഇസ്ലാമിന്റെ അഭിമാനം അദ്ദേഹത്തിൽ അലതല്ലി. അത് ഇസ്ലാമികപാഠം മനസ്സിലാക്കാതെ സാധ്യമായിരുന്നില്ല. സ്നേഹത്തിന്റെയും ഇസ്ലാമിക അഭിമാനത്തിന്റേയും മാതൃക സഹാബത്ത് കാഴ്ചവെച്ചു. ഇസ്ലാമിക ചരിത്രം ഈ സംഭവങ്ങളാൽ നിറഞ്ഞുകിടക്കുന്നു. അവരിൽ ഒരാളെക്കുറിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്. ഇക്രിമ, എല്ലാ യുദ്ധങ്ങളിലും നബി(സ)ക്കെതിരിൽ പോരാടി. ഇസ്ലാമിനെ ഉന്മൂലനം ചെയ്യാൻ എല്ലാ രീതി

യിലും പ്രയത്നിച്ചു. അവസാനം മക്കാവിജയമുണ്ടായപ്പോൾ നബി(സ)യുടെ മുമ്പിൽ നിന്ദ്യനാകണമല്ലോ എന്നോർത്ത് മക്കയിൽനിന്ന് ഓടിപ്പോയി. എന്നാൽ, അദ്ദേഹം മുസ്‌ലിമായിക്കഴിഞ്ഞപ്പോൾ ആത്മാർത്ഥത എത്രമാത്രം തുടിച്ചുവെന്നുവെച്ചാൽ, ഹസ്‌റത്ത് അബൂബക്കറിന്റെ ഖിലാഫത്തുകാലത്ത് അദ്ദേഹം രാജ്യദ്രോഹികളെ ഉന്മൂലനം ചെയ്യാൻ ജീവൻ പണയംവെച്ച് പോരാടി. അരിവാൾകൊണ്ട് പുല്ലുകൾ അരിഞ്ഞുവീഴുന്നതുപോലെ ആളുകൾ മരിച്ചുവീണു. ആ സമയത്ത് ഇക്‌രിമ, കൂട്ടുകാരേയുംകൂട്ടി ശത്രുവിന്റെ നടുവിലേക്കു കുതിച്ചുചാടി. ചിലയാളുകൾ അദ്ദേഹത്തെ തടഞ്ഞിരുന്നു. പക്ഷേ, ഇക്‌രിമ അതംഗീകരിക്കാൻ തയ്യാറായില്ല. ലാത്തയ്ക്കും ഉസ്സയ്ക്കും വേണ്ടി ഞാൻ മുഹമ്മദ്(സ)ന്നെതിരെ പോരാടിയവനാണ്. ഇന്ന് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടുന്നതിൽ ഞാൻ പിന്നിലാവുകയില്ല. യുദ്ധം കഴിഞ്ഞപ്പോൾ, കുന്തവും വാളും കൊണ്ട് ശരീരം മുഴുവൻ മുറിവുപറ്റിയ നിലയിൽ അദ്ദേഹത്തിന്റെ ജഡം കണ്ടു. അദ്ദേഹത്തിന്റെ സാമ്പത്തികത്യാഗത്തെക്കുറിച്ച് പറയുന്നു: ഗനീമത്തുമുതൽ കിട്ടുമ്പോൾ ഇക്‌രിമ അത് ദാനം ചെയ്യുമായിരുന്നു. കൈ അയച്ച് ചെലവഴിക്കുമായിരുന്നു. ഹൃദയത്തിലുണ്ടാകുന്ന മാറ്റമാണിത്. വാളിന്റെ ശക്തിയാൽ ഈ മാറ്റം ഉണ്ടാകുകയില്ല.

ബലം പ്രയോഗിച്ച് ഇസ്‌ലാമിൽ ആളെ ചേർത്തിരുന്നു എന്ന അമുസ്‌ലിംകളുടെ ആക്ഷേപം കളവാണെന്ന് തെളിയിക്കുന്ന ധാരാളം സംഭവങ്ങളെകൊണ്ട് ചരിത്രം നിറഞ്ഞുകിടക്കുന്നു. നബി(സ) തിരുമേനിയുടെ അദ്ധ്യാപനമെന്തായിരുന്നു. ചില സംഭവങ്ങൾ നാം കണ്ടുകഴിഞ്ഞു.

നബി(സ) തിരുമേനി പറയുന്നു: ***മൻഖതല മുആഹിദൻ ലം യറഹ് റാഇഹത്തൽ ജന്നത്തി***

വാക്കാലോ പ്രവൃത്തിയാലോ ഉള്ള ഉടമ്പടിയുടെ ഫലമായി ഇസ്‌ലാമികഭരണത്തിൻ കീഴിൽ പ്രവേശിച്ചുകഴിഞ്ഞിട്ടുള്ള ഒരു അമുസ്‌ലിമിനെ വല്ല മുസ്‌ലിമും വധിച്ചാൽ ഇഹലോക ശിക്ഷ കൂടാതെ പരലോകത്തും സ്വർഗ്ഗത്തിന്റെ സുഗന്ധം അവൻ ആസ്വദിക്കുന്നതല്ല.

നബി(സ) തിരുമേനിയുടെ ഖലീഫമാരുടെ സമ്പ്രദായം എന്തായിരുന്നു. അമുസ്‌ലിംകളിൽനിന്ന് കർശനമായി ജിസ്‌യ പിരിച്ചെടുക്കുന്ന ഒരു സ്ഥലത്തൂടെ ഹസ്‌റത്ത് ഉമർ(റ) പോകുകയായിരുന്നു. അതുകണ്ടപ്പോൾ ഉടനെ അദ്ദേഹം അവിടെ നിന്നു. എന്താണ് പ്രശ്നമെന്ന് ദ്വേഷത്തോടെ ചോദിച്ചു. ഇവർ ജിസ്‌യ അടക്കുന്നില്ലെന്നും, തങ്ങൾക്ക് അതിന് കഴിവില്ലെന്ന് ഇവർ പറയുന്നുവെന്നും അറിയിച്ചു. ഹസ്‌റത്ത് ഉമർ(റ) പറഞ്ഞു: അവർക്ക് കഴിവില്ലാത്തതുകൊണ്ട് അവരുടെമേൽ ഭാരമിടാൻ ഒരു കാരണവുമില്ല. അവരെ വിട്ടയക്കുക. 'ആരാണോ ഇഹലോകത്ത് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് അവൻ ഖിയാമത്തുനാൾ അല്ലാഹുവിന്റെ ശിക്ഷയ്ക്കിരയാകും' എന്ന് നബി (സ) പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ അവർക്ക് ജിസ്‌യ മാപ്പാക്കപ്പെട്ടു.

നബി(സ) തിരുമേനി താക്കീത് ചെയ്ത് പറഞ്ഞകാരണത്താൽ ഹസ്‌റത്ത് ഉമർ(റ) അമുസ്‌ലിം പ്രജകളെ പ്രത്യേകം ഗൗനിച്ചിരുന്നു. അതിന്റെ ഫലമായി മരണശയ്യയിൽവെച്ച് തന്റെ ശേഷം വരുന്ന ഖലീഫമാരോട് അദ്ദേഹം ഇങ്ങനെ വസിയ്യത്ത് ചെയ്തിരുന്നു. എനിക്കുശേഷം വരുന്ന ഖലീഫയെ ഞാനുപദേശിക്കുകയാണ്. ഇസ്‌ലാമിക ഭരണത്തിൻകീഴിൽ കഴിയുന്ന അമുസ്‌ലിം പ്രജകളോടു വളരെ മൃദുവായും സ്നേഹത്തോടുകൂടിയും പെരുമാറേണ്ടതാണ്. അവരോട് ചെയ്തിട്ടുള്ള കരാറുകൾ പാലിക്കുക. അവരെ സംരക്ഷിക്കുക. അവർക്കുവേണ്ടി അവരുടെ ശത്രുക്കളോടു യുദ്ധം ചെയ്യുക. അവർക്ക് വഹിക്കാൻ കഴിയുന്നതിനേക്കാൾ കൂടുതൽ ഭാരം അവരുടെമേൽ ഇടരുത്.

മുസ്‌ലിംകൾ ബലം പ്രയോഗിക്കുന്നവരായിരുന്നെങ്കിൽ ഈ അവസ്ഥ അവിടെ എങ്ങനെയാണുണ്ടായത്. ഖയ്ബറിലെ യഹൂദികളോടു നബി(സ) ചെയ്ത ഉടമ്പടിയെക്കുറിച്ച് നോക്കുക. മദീനയിൽ ചെന്നപ്പോൾ അവരുമായി ചെയ്ത ഉടമ്പടിയായിരുന്നു അത്. നബി(സ) തിരുമേനി അവരുടെ വിളവെടുപ്പ് സമയത്ത് മുസ്‌ലിംകളുടെ ഓഹരി വാങ്ങുന്നതിനായി ഹസ്‌റത്ത് അബ്ദുല്ലാഹുബ്നു റവാഹ(റ)യെ അയക്കാറുണ്ടായിരുന്നു. തിരുമേനി(സ)യുടെ നിർദ്ദേശമനുസരിച്ച് അബ്ദുല്ലാഹ് ബിൻ റവാഹ(റ) വളരെ മൃദുലമായി അവരോടു പെരുമാറിയിരുന്നു. അതെത്രത്തോളമെന്നുവെച്ചാൽ, ധാന്യം രണ്ടായി വീതിച്ച്, ഏതൊരു ഭാഗമാണോ ഇഷ്ടപ്പെടുന്നത് അതെടുത്തുകൊള്ളാൻ യഹൂദികളോടു പറയുമായിരുന്നു. അവരെടുത്തതിന്റെ ബാക്കിയാണ് അദ്ദേഹം എടുക്കാറുണ്ടായിരുന്നത്.

ഹസ്‌റത്ത് ഉമർ(റ) ദിമ്മികളെ പ്രത്യേകം ശ്രദ്ധിക്കണമെന്ന് തന്റെ അനുയായികളോടു പറയാറുണ്ടായിരുന്നു. എന്തെങ്കിലും വിഷമമുണ്ടോ എന്ന് എപ്പോഴും അവരോട് ചോദിക്കുമായിരുന്നു.

ദിമ്മികളുടെ ഒരു സംഘം ഹസ്‌റത്ത് ഉമർ(റ)

ന്റെ സന്നിധിയിൽ ഹാജരാക്കപ്പെട്ടു. മുസ്‌ലിംകളിൽ നിന്ന് നിങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്നാണ് ആദ്യമായി ഹസ്റത്ത് ഉമർ(റ) അവരോടു ചോദിച്ചത്. പ്രതിജ്ഞ നിർവഹണവും നല്ല പെരുമാറ്റവുമല്ലാതെ മറ്റൊന്നും ഞങ്ങൾ മുസ്‌ലിംകളിൽ കണ്ടിട്ടില്ലെന്ന് അവർ പറഞ്ഞു.

ശാം ജയിച്ചടക്കിയപ്പോൾ മുസ്‌ലിംകൾ അവിടെത്തെ ക്രിസ്ത്യാനികളിൽനിന്ന് ടാക്സ് പിരിച്ചു. കുറച്ചുനാൾക്കുശേഷം വീണ്ടും റോമാസർക്കാരിൽ നിന്നും യുദ്ധഭീഷണിയുണ്ടായി. അപ്പോൾ ശാമിലെ ഇസ്‌ലാമി അമീർ ഹസ്റത്ത് അബൂഉബയ്ദ(റ) പിരിച്ചെടുത്ത എല്ലാ ടാക്സും ക്രിസ്ത്യാനികൾക്ക് തിരിച്ചുനല്കിക്കൊണ്ടു പറഞ്ഞു. യുദ്ധം കാരണത്താൽ നിങ്ങളോടുള്ള കടമ നിറവേറ്റാൻ ഞങ്ങൾക്ക് സാധിക്കാതെ വന്നിരിക്കുകയാണ്. അതുകൊണ്ട് ഈ ടാക്സ് കൈയിൽവയ്ക്കുക എന്നത് ഞങ്ങൾക്ക് അനുവദനീയമല്ല. ക്രിസ്ത്യാനികൾ ഇത് കണ്ടിട്ട് മുസ്‌ലിംകൾക്കു വേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി. അവർ പറഞ്ഞു: റോമാക്കാരുടെമേൽ വിജയം വരിക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. വീണ്ടും ഈ രാജ്യത്തിന്റെ ഭരണാധികാരികളായി ത്തീരട്ടെ. ഇതായിരുന്നു മുസ്‌ലിംകളുടെ നടപടി. അങ്ങനെ വീണ്ടും വിജയമുണ്ടായി. മുസ്‌ലിംകൾ ഭരണത്തിൽവന്നു. വീണ്ടും ടാക്സ് വാങ്ങാൻ തുടങ്ങി.

ഇതിനാണോ ബലപ്രയോഗം എന്നു പറയുന്നത്? നബി(സ) തിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നവർ നീതിയോടുകൂടി നോക്കുകയും, ചരിത്രം പഠിക്കുകയും ചെയ്യുകയാണെങ്കിൽ അമുസ്‌ലിംകൾക്കു വേണ്ടി അവിടന്ന് എത്രത്തോളം വേദനിച്ചിരുന്നുവെന്ന് കാണാൻ കഴിയും. ഇസ്‌ലാമിലേക്ക് അവരെ ക്ഷണിച്ചത് സ്നേഹത്തോടും ശാന്തതയോടും കൂടിയായിരുന്നു. നബി(സ) തിരുമേനിയും അവിടത്തെ സഹാബിമാരും തങ്ങളുടെ വിജയത്തിന്റേയും ഭരണത്തിന്റേയും കാലത്തും അമുസ്‌ലിംകളുടെ കാര്യങ്ങൾ ഒരുപാട് ശ്രദ്ധിച്ചിരുന്നുവെന്ന് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. മദീനയിൽ ഒരു യഹൂദി ചെറുപ്പക്കാരന് അസുഖം പിടിപ്പെട്ടു. നബി(സ) തിരുമേനി അതറിഞ്ഞപ്പോൾ അവനെ കാണാൻ പോയി. അവന്റെ പരിതാപകരമായ അവസ്ഥ കണ്ടിട്ട് അവിടന്ന് അവനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. നബി(സ)ന്റെ വാക്കുകളിൽ അവൻ തൽപരനായി. ആ സമയത്ത് തന്റെ അടുത്ത് അവന്റെ പിതാവ് നിൽപുണ്ടായിരുന്നു. ഒരു ചോദ്യം എന്ന രൂപത്തിൽ അവൻ തന്റെ പിതാവിനെ നോക്കി. നീ സ്വീകരിക്കുന്നെങ്കിൽ സ്വീകരിച്ചുകൊള്ളുക എന്ന് പിതാവ് പറഞ്ഞു. അവൻ കലിമ ചൊല്ലി മുസ്‌ലിമായി. അതിൽ നബി(സ) തിരുമേനി വളരെ സന്തോഷിച്ചു. പറഞ്ഞു: അല്ലാഹുവിന്റെ ഒരാത്മാവ് അഗ്നിയുടെ വഴിയിൽനിന്ന് രക്ഷപ്പെട്ടു.

ഞാൻ വിവരിച്ച ഖുർആനികപാഠങ്ങളിൽ നിന്നും നബി(സ) തിരുമേനിയുടെ ജീവിതമാതൃകയിൽനിന്നും അതിക്രമം കാണിച്ചു എന്ന് ഇവർ ഉന്നയിക്കുന്ന ആരോപണത്തിന്റെ യാഥാർത്ഥ്യം എന്താണെന്ന് വ്യക്തമായി. ഇസ്‌ലാം വാളിന്റെ ശക്തിയാലാണോ പരന്നതെന്ന് പ്രകടമായി. സ്പെയിനിൽ ഇവർ കാണിച്ച പ്രവർത്തനത്തെക്കുറിച്ച് തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നു. അതിലൂടെ ഇക്കൂട്ടരുടെ തനിനിറവും വ്യക്തമായി. പക്ഷേ, ഓറിയന്റിലിസ്റ്റുകളിൽ നീതിയെ സ്നേഹിക്കുന്ന ക്രിസ്ത്യാനികളുണ്ട്. അവർ നബി(സ)യെക്കുറിച്ച് എന്താണ് പറയുന്നത്.

കാർലൈൻ സാഹിബ് തന്റെ ഗ്രന്ഥത്തിലെഴുതുന്നു. മുഹമ്മദ് കള്ളവാദിയായിരുന്നു എന്ന കാര്യം നമ്മളിൽ (ക്രിസ്ത്യാനികളിൽ) വിഖ്യാതമായിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ മതം ഭ്രാന്തത്വവും മൂഢസങ്കല്പവുമാണ്. ഈ എല്ലാ കാര്യങ്ങളും തെറ്റായിരുന്നുവെന്ന് ഇന്ന് ജനങ്ങൾക്ക് ബോധ്യമായിക്കൊണ്ടിരിക്കുന്നു. ഈ മനുഷ്യനെക്കുറിച്ച് (മുഹമ്മദ്(സ)നെക്കുറിച്ച്) യാഥാസ്ഥിതികരായ ക്രിസ്ത്യാനികൾ പറഞ്ഞുപരത്തിയ കളവായ കാര്യങ്ങളെല്ലാം നമ്മുടെ നിന്ദ്യതയ്ക്കു കാരണമാകുന്നു. ഈ മനുഷ്യൻ (നബി(സ) തിരുമേനി) പറഞ്ഞ കാര്യങ്ങൾ 1200 വർഷമായി 18 കോടി ജനങ്ങളുടെ സന്മാർഗ്ഗമായി നിലകൊള്ളുന്നു. ഇക്കാലത്ത് എത്രത്തോളം ആളുകൾ മുഹമ്മദ്(സ)ന്റെ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നുവോ, അതിനേക്കാൾ കൂടുതൽ ആരുടേയും ഗ്രന്ഥത്തിൽ ഇക്കാലത്തെ ജനങ്ങൾ വിശ്വസിക്കുന്നില്ല. ഒരു കള്ളവാദിയാണ് ഈ മതം പരത്തിയത് എന്ന അഭിപ്രായത്തോട് എനിക്കൊട്ടും യോജിപ്പില്ല.

അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളും, തെറ്റായ കാര്യങ്ങളുമൊക്കെ എഴുതിയിട്ടുള്ള ആളാണ് സർ വില്യം മൂർ. എങ്കിലും അദ്ദേഹം എഴുതുന്നു. നബി(സ) തിരുമേനി എന്നെന്നേക്കുമായി അറേബ്യൻ നാട്ടിൽ ദീർഘകാലമായി നിലനിന്നുവന്ന എല്ലാ നിരർത്ഥക കാര്യങ്ങളേയും ഇല്ലാതാക്കി. ഇസ്‌ലാമിക സമൂഹത്തിനുള്ള സവിശേഷഗുണങ്ങൾ കുറച്ചല്ല. മറ്റുള്ള ഒരു മതത്തിലുമില്ലാത്ത ശ്രേഷ്ഠമായ ഗുണങ്ങൾ ഇസ്‌ലാമിലുണ്ടെന്നതിൽ, അതിന് അഭിമാനിക്കാൻ വകയുണ്ട്.

അഡ്വേർഡ് ഗിബൻ എഴുതുന്നു: നബി(സ) തിരുമേനിയുടെ ജീവിതത്തിലെ ഏറ്റവും അവസാനത്തെ ചിന്തനീയമായ കാര്യം, അദ്ദേഹത്തിന്റെ പ്രവാചകത്വം ജനങ്ങൾക്ക് ഗുണം ചെയ്തോ അതല്ല ദോഷം ചെയ്തോ എന്നതാണ്. നബി(സ) തിരുമേനിയുടെ കഠിനവിരോധികളും, ക്രിസ്ത്യാനികളും, യഹൂദികളും അദ്ദേഹത്തെ പ്രവാചകനായി അംഗീകരിക്കാതിരിക്കെത്തന്നെ, അവിടന്ന്(സ) പ്രവാചകത്വവാദം ഒരു ഫലപ്രദമായ കാര്യത്തിനുവേണ്ടി ചെയ്തു എന്ന് സമ്മതിക്കുന്നവരാണ്. അതായത്, സ്വന്തം മതത്തെക്കാളും നല്ലതാണ് ഇസ്ലാംമതം എന്ന് അവർ സമ്മതിക്കുന്നു. നബി(സ) തിരുമേനി, പാപപരിഹാര സിദ്ധാന്തത്തെ നമസ്കാരങ്ങളും, നോമ്പും, ദാനധർമ്മങ്ങളുമാക്കി മാറ്റി. അത് വളരെ മനോഹരമായതും ഋജുവായതുമായ കാര്യമാണ്. ബിംബങ്ങളിൽ അർപ്പിച്ചിരുന്ന മനുഷ്യന്റെ ത്യാഗങ്ങൾ വിപാടനം ചെയ്തു. നബി(സ) മുസ്ലിംകളിൽ സ്നേഹത്തിന്റേയും ഐക്യത്തിന്റേയും ഒരു ആത്മാവ് ഊതി. പരസ്പരം നന്മ ചെയ്യാൻ നിർദ്ദേശിച്ചു. അവരുടെ പകരംവീട്ടാനുള്ള വാഞ്ഛ തന്റെ കല്പനകളും ഉപദേശങ്ങളും കൊണ്ട് ഇല്ലാതാക്കി. അക്രമങ്ങളും ദ്രോഹങ്ങളും തടഞ്ഞു. പരസ്പരം ജന്മശത്രുക്കളായ അവർ സ്നേഹിതരായി മാറി. ആഭ്യന്തര കലഹങ്ങളിലും കുടുംബവഴക്കുകളിലും കഴിഞ്ഞുകൂടിയിരുന്നവർ ഒറ്റക്കെട്ടായിനിന്ന് പുറംശക്തികളെ നേരിടുന്നവരായി തീർന്നു.

ജോൺബേഗൻ പോൾ എഴുതുന്നു: ഖുർആന്റെ പ്രബോധനങ്ങളുടെ പ്രചാരണം വാളുമുഖേനയാണ് നടന്നതെന്ന് പറയുന്നത് അങ്ങേയറ്റം അബദ്ധമാണ്.

യാഥാസ്ഥിതികത്വത്തിന് വശംവദരാകാത്ത ആളുകൾ ഒരുമടിയും കൂടാതെ അംഗീകരിക്കുന്ന ഒരു കാര്യമുണ്ട്. അതായത്, നബി(സ) തിരുമേനി തന്റെ അദ്ധ്യാപനം മുഖേന നരബലിക്കു പകരം നമസ്കാരവും ദാനധർമ്മങ്ങളും തുടങ്ങി. ഇത് ശത്രുതയുടേയും കലഹങ്ങളുടേയും സ്ഥാനത്ത് നല്ലൊരു സമൂഹത്തിന്റെ ആത്മാവ് ജനങ്ങളിലൂതി. അത് പൗരസ്ത്യലോകത്തിന് ഒരനുഗ്രഹമായിരുന്നു. ഇക്കാരണത്താൽ നബി(സ) തിരുമേനിക്ക് മൂസാ(അ)നെപ്പോലെ ബിംബാരാധനയെ ഇല്ലാതാക്കാൻ ബലം പ്രയോഗിക്കേണ്ടി വന്നില്ല. അതുകൊണ്ട് മനുഷ്യകുലത്തിന്റെ ഉന്നമനത്തിനായി ദൈവം കനിഞ്ഞരുളിയ ഈ ചിന്താധാരയെ, എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുവേണ്ടി സൃഷ്ടിച്ചിട്ടുള്ള ഈ മതത്തെ വിവരമില്ലാതെ അധിക്ഷേപിക്കുന്നത് എത്രമാത്രം നിരർത്ഥകമായ കാര്യമാണ്.

എഡ്വേർഡ് ഗീബൻ സാഹിബ് എഴുതുന്നു. മുസ്ലിംകൾ ചെയ്ത യുദ്ധത്തെ അവരുടെ പ്രവാചകൻ പരിശുദ്ധമെന്ന് പ്രഖ്യാപിക്കുന്നു. എന്നാൽ, നബി(സ) തിരുമേനി തന്റെ ജീവിതകാലത്ത് വിവിധ ഉപദേശങ്ങൾ നല്കി അതിന് സൽമാതൃക നിലനാട്ടുകയും ചെയ്തു. അതിൽനിന്ന് ഖലീഫമാർ അന്യമതവിശ്വാസികൾക്ക് സ്വാതന്ത്ര്യം നല്കുന്ന പാഠം കരസ്ഥമാക്കി. അറേബ്യൻരാജ്യം ഹസ്റത്ത് മുഹമ്മദ്(സ)ന്റെ അല്ലാഹുവിനെ ആരാധിക്കുന്നതിനുള്ള സ്ഥലമായിരുന്നു. അദ്ദേഹം വിചാരിച്ചിരുന്നെങ്കിൽ ദേവതകളെ വിശ്വസിക്കുന്നവരേയും ബിംബാരാധകരേയും ഉന്മൂലനം ചെയ്യാമായിരുന്നു. എന്നാൽ നബി(സ) തിരുമേനി നീതിസ്ഥാപിച്ചുകൊണ്ട് അങ്ങേയറ്റം ബുദ്ധിപരമായ ഉപായങ്ങൾ സ്വീകരിച്ചു.

കൗണ്ട് ടോൾസ്റ്റോയി എഴുതുന്നു: മുഹമ്മദ്(സ) മഹാനായ ഒരു പരിഷ്ക്കർത്താവായിരുന്നു എന്നതിൽ ഒരുതരത്തിലുള്ള സംശയമോ സന്ദേഹമോ ഇല്ല. അദ്ദേഹം മനുഷ്യരെ സേവിച്ചു. അത്തരം പ്രവർത്തനങ്ങൾ ചെയ്ത നബിയുടെ അന്തസ്സ് കുറഞ്ഞതാണോ? അവിടന്ന് സമുദായത്തെ സത്യമായ പ്രകാശത്തിലേക്ക് നയിച്ചു. അവരെ, സമാധാനത്തിന്റെയും ശാന്തിയുടേയും വക്താക്കളാക്കിത്തീർത്തു. അവർ സ്വാത്മപരിത്യാഗത്തിന്റേയും ദൈവഭക്തിയുടേയും ജീവിതത്തിന് മുൻതൂക്കം കൊടുക്കാൻ തുടങ്ങി. മനുഷ്യരെ കൊല്ലുന്നത് അവിടന്ന് നിരോധിച്ചു. അതിനുവേണ്ടി യഥാർത്ഥമായ സംസ്കാരത്തിന്റെ വഴികൾ തുറന്നു. ഏതെങ്കിലും മറഞ്ഞശക്തി കുടികൊള്ളുന്ന ഒരു വ്യക്തിക്കു മാത്രമേ ഇത്തരം പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളൂ. അത്തരം വ്യക്തി പൊതുവെ ആദരവിന് അർഹനാണ്.

ബർണാഡ്ഷാ എഴുതുന്നു: ക്രിസ്തീയ പാതിരിമാർ തങ്ങളുടെ അജ്ഞതയും മതപരമായ ഏകപക്ഷീയതയുംകൊണ്ട് ഇസ്ലാംമതത്തെ ഭീകരമായി ചിത്രീകരിച്ചിരിക്കുന്നു. കാര്യം ഇവിടെ അവസാനിക്കുന്നില്ല. അവർ മുഹമ്മദ്(സ)നെ നല്ല വാക്കുകളിൽ സ്മരിച്ചില്ല. ഞാൻ ഇക്കാര്യങ്ങളെക്കുറിച്ച് കൂലങ്കഷമായി പഠിക്കുകയും ചിന്തിക്കുകയും ചെയ്തിട്ടുണ്ട്. മുഹമ്മദ്(സ) ഒരു മഹാനായ വ്യക്തിയും ശരിയായ അർത്ഥത്തിൽ മനുഷ്യന് മോക്ഷം നല്കുന്ന ആളുമാണ്.

റേബൺ വേഡ്സ്മിത് പറയുന്നു: മതത്തിന്റേയും ഭരണത്തിന്റേയും വഴികാട്ടിയും ഗവർണറും എന്ന നിലയിൽ പോപ്പിനും കൈസറിനും രണ്ട്

വ്യക്തിത്വമുണ്ട്. ഇത് രണ്ടും മുഹമ്മദ്(സ)ൽ സമ്മേളിച്ചിരുന്നു. അവിടന്ന് പോപ്പായിരുന്നു. എന്നാൽ പോപ്പിനെപോലെ ബാഹ്യപ്രകടനത്തിൽനിന്ന് പരിശുദ്ധൻ. അവിടന്ന് കൈസർ ആയിരുന്നു. എന്നാൽ കൈസറിന്റെ അന്തസ്സിലും പ്രൗഢിയിലും വിരക്തിയുള്ളയാൾ.

ഔപചാരികമായ സൈന്യമോ രാജാലങ്കാരമോ കൂടാതെയും കരം പിരിച്ചെടുക്കാതെയും കേവലം ദൈവനാമത്തിൽ ലോകത്ത് സമാധാനവും ശാന്തിയും സ്ഥാപിച്ചതിന് ആരെങ്കിലും അർഹനാണെങ്കിൽ അത് ഹസ്റത്ത് മുഹമ്മദ്(സ) മാത്രമാണ്. യാതൊരു ഭൗതിക സാധനസാമഗ്രികളുമില്ലാതെ നബി(സ) തിരുമേനിയ്ക്ക് ഈ എല്ലാ ശക്തിയും ഉണ്ടായിരുന്നു.

പെയ്ന്റ് കെനഡി സാഹിബ് എഴുതുന്നു: വ്യക്തമായ ഭാഷയിൽ പറഞ്ഞാൽ മുഹമ്മദ്(സ) കാലത്തിന്റെ മഹാനായ മനുഷ്യൻ ആയിരുന്നു. അവിടത്തെ അത്ഭുതകരമായ വിജയം മനസ്സിലാക്കുന്നതിന്, തീർച്ചയായും അദ്ദേഹത്തിന്റെ കാലത്തെക്കുറിച്ച് അറിയേണ്ടതുണ്ട്. ഹസ്റത്ത് ഈസാ ജനിച്ച് 550 വർഷത്തിനുശേഷം അവിടന്ന് ഈ ലോകത്ത് ആഗതനായി. അക്കാലഘട്ടത്തിൽ യൂനാൻ, റോം, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലെ 101 ഭരണപ്രദേശങ്ങളിലെ എല്ലാ പുരാതനമതവും തങ്ങളുടെ നേട്ടങ്ങൾ കളഞ്ഞുകുളിച്ചിരുന്നു. തൽസ്ഥാനത്ത് റോമൻ ഭരണകൂടം അവരുടെ കൈയൂക്ക് കാണിച്ചുകൊണ്ടിരുന്നു. റോമിലെ കൈസർ രാജാവിനോടുള്ള അനുസരണവും ഭക്തിയും റോമൻഭരണകൂടത്തിന്റെ മതമായി മാറിയിരുന്നു. മറ്റുള്ള എല്ലാ മതങ്ങളുടേയുംമേൽ ആധിപത്യം നേടിയിരുന്നു. എന്നാൽ ലോകത്തിന് സമാധാനം നൽകാൻ റോമൻ രാജാവിനു സാധിച്ചിരുന്നില്ല. സകലമതവും എല്ലാതരത്തിലും അധഃപതിച്ചിരുന്നു. ക്രിസ്തുമതം അതിന്റെ യഥാർത്ഥ അദ്ധ്യാപനത്തിൽനിന്ന് അകന്നുകഴിഞ്ഞിരുന്നു. അതിൽ ആത്മീയതയ്ക്കുപകരം ഭൗതികതയുടെ അതിപ്രസരം ഉണ്ടായി. ഇങ്ങനെയൊക്കെയിരുന്ന ആ കാലത്ത് പിന്നെങ്ങനെയാണ് വീണ്ടും ഒരു മാറ്റമുണ്ടായത്.

ക്രിസ്ത്വാബ്ദം 650-ൽ മുഹമ്മദ്(സ) ആഗതനായതിനുശേഷം, ലോകത്തെ വലിയൊരു ഭൂവിഭാഗം വേറൊരു ലോകമായി മാറി. അത് ചരിത്രത്തിലെ മഹത്തായ സുവർണ്ണ അദ്ധ്യായമാണ്. പിന്നീട് ആ മാറ്റം വളർന്നു. യാഥാസ്ഥിതികരായ ഓറിയന്റ്ലിസ്റ്റുകളുടേയും ക്രിസ്ത്യാനികളുടേയും ശക്തമായ എതിർപ്പുണ്ടായിട്ടും നബി(സ) തിരുമേനിയുടെ കാലത്തുണ്ടായ മാറ്റത്തിന് പോറലേറ്റില്ല. നബി(സ) തിരുമേനി മനുഷ്യരിലുണ്ടാക്കിയ മാറ്റത്തിന് ഏറ്റവും ഉന്നതമായ ഉദാഹരണമാണിത്.

എസ്.പി.സ്കോട്ട് എഴുതുന്നു: സ്വഭാവപരമായ പരിശുദ്ധമാറ്റവും തിന്മയെ ഇല്ലായ്മ ചെയ്യലും മനുഷ്യന്റെ സന്തോഷവും സന്തോഷാവസ്ഥയും അഭിവൃദ്ധിപ്പെടുത്തലും, അവന്റെ ബുദ്ധിയെ തിളക്കമുള്ളതാക്കലുമാണ് മതത്തിന്റെ ഉദ്ദേശ്യമെങ്കിൽ, മുഹമ്മദ്(സ) അല്ലാഹുവിന്റെ റസൂലാണെന്ന കാര്യം സംശയലേശമെന്യെ അംഗീകരിക്കേണ്ടിവരും. അദ്ദേഹത്തിന്റെ ഈ വാദം അടിസ്ഥാനരഹിതമല്ല.

ഹ്യൂപ്പ് ക്രസ്റ്റൺ എഴുതുന്നു: മുഹമ്മദ് നബി (സ) ഒരിക്കലും യുദ്ധം നടത്തിയിട്ടില്ല. അദ്ദേഹം ചെയ്ത ഓരോ യുദ്ധവും പ്രതിരോധമായിരുന്നു. അദ്ദേഹം യുദ്ധം ചെയ്തിട്ടുണ്ടെങ്കിൽ നിലനില്പിനുവേണ്ടിയായിരുന്നു. അക്കാലത്ത് നിലനിന്ന സമ്പ്രദായമനുസരിച്ചാണ് അദ്ദേഹം പോരാടിയത്.

14 കോടി ക്രിസ്ത്യാനികളിൽ ഒരു ലക്ഷത്തി ഇരുപതിനായിരത്തിലേറെ ആളുകളെ ഒരൊറ്റ ബോംബിട്ട് ഈ അടുത്തകാലത്ത് നശിപ്പിച്ച ആളുകൾക്ക് (1950-ലെ കാര്യമാണ് പറയുന്നത്) താൻ ചെയ്ത എല്ലാ യുദ്ധങ്ങളിലേയും മോശമായ പരിതസ്ഥിതിയിൽ വെറും അഞ്ഞൂറോ അറുനൂറോ പേരെ മാത്രം തടവിലാക്കിയ ഒരു ലീഡറിന്റെമേൽ സന്ദേഹദൃഷ്ടി പതിപ്പിക്കാൻ അവകാശമില്ല. ഏഴാം നൂറ്റാണ്ടിന്റെ ഇരുണ്ടകാലത്ത്, പരസ്പരം രക്തത്തിനുവേണ്ടി ദാഹിച്ചിരുന്നവരുടെ നാശങ്ങളുമായി ഇരുപതാം നൂറ്റാണ്ടിന്റെ നാശങ്ങളെ താരതമ്യം ചെയ്യുന്നത് വിഡ്ഢിത്തമല്ലാതെ മറ്റൊന്നുമല്ല. കുരിശുയുദ്ധത്തിലും മറ്റും ക്രിസ്ത്യാനികളിട്ട റിക്കാർഡുകളും മുട്ടറ്റം ചോരയിൽ അവർ നീന്തിയിരുന്നതുമൊന്നും വിശദീകരിക്കേണ്ട ആവശ്യമില്ല.

ഡേവൻപോട്ട് എഴുതുന്നു: പാശ്ചാത്യരാജകുമാരന്മാർ മുസ്ലിം പോരാളികളുടേയും തുർക്കികളുടേയും സ്ഥാനത്ത് ഏഷ്യയുടെ ഭരണാധികാരികൾ ആയിരുന്നെങ്കിൽ, മുസ്ലിംകൾ ക്രിസ്ത്യാനികളോടു കാണിച്ച ആ സഹിഷ്ണുതാഭാവം മുസ്ലിംകളോട് അവർ കാണിക്കുമായിരുന്നില്ല. കാരണം ക്രിസ്തുമതം, തങ്ങളോട് മതപരമായ ഭിന്നത വെച്ചുപുലർത്തുന്ന മറ്റു മതങ്ങളെ ഏകപക്ഷീയമായും അക്രമപരമായും മർദ്ദനത്തിന് കുറിമാനമാക്കി.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിഷയാവതാരകൻ, വിശുദ്ധഖുർആനിൽ ബലാൽക്കാരമായി ജനങ്ങളെ മുസ്ലിമാക്കാൻ

കല്പനയുണ്ടെന്ന് പറഞ്ഞു.

അവിടന്ന് പറഞ്ഞു: ഈ വ്യക്തിക്ക് വിവേകമോ അറിവോ ഇല്ലെന്ന് മനസ്സിലാകുന്നു. ഇത് വെറും പാതിരിമാരുടെ ആക്ഷേപമാണ്. കാരണം, പാതിരിമാർ അവരുടെ സ്വഭാവമെന്ന പോലെതന്നെ ഇസ്‌ലാമിൽ ബലാൽക്കാരപൂർവ്വം മുസ്‌ലിമാക്കാൻ കല്പനയുണ്ടെന്ന് കെട്ടിച്ചമച്ച് തങ്ങളുടെ ഗ്രന്ഥങ്ങളിലെഴുതി. അതുകൊണ്ട് അയാളും അയാളുടെ മറ്റു സഹോദരന്മാരും യാതൊന്നും അന്വേഷിക്കാതെ ആ പാതിരിമാരുടെ വഞ്ചനാപരമായ ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. വിശുദ്ധഖുർആനിൽ തുറന്നനിലയിൽ ഈ വചനം കാണാം. ***ലാ ഇക്‌റാഹ ഫിദ്ദീനി ഖദ്ത്തബയ്യനർറുശ്ദു മിനൽ ഗയ്യ്‌***- മതകാര്യങ്ങളിൽ ഒരു നിർബന്ധവുമില്ല, തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. (2:257) പിന്നെ ബലാൽക്കാരം ചെയ്യേണ്ട ആവശ്യമെന്താണ്. മതപരമായ കാര്യങ്ങളിൽ ബലം പ്രയോഗിക്കാൻ പാടില്ലെന്ന് വിശുദ്ധഖുർആൻ വ്യക്തമാക്കിയിരിക്കുന്നു. എന്നിട്ടും ശത്രുവിന്റെ ഹൃദയം വിദ്വേഷവും വെറുപ്പുംകൊണ്ട് കറുത്തുപോകുന്നു. അന്യായമായി ദൈവികഗ്രന്ഥത്തിൻമേൽ ആക്ഷേപം ഉന്നയിക്കുന്നു. ഇനി മറ്റൊരു വചനം എഴുതിക്കൊണ്ട്, നീതിപാലകരിൽനിന്ന് നീതി തേടുകയാണ്. ദൈവത്തെ ഭയന്നുകൊണ്ട് ഈ വചനത്തിൽ ബലാൽക്കാരം ചെയ്യാൻ പറയുന്നുണ്ടോ എന്ന് നമുക്കൊന്ന് പറഞ്ഞുതരിക. ആ വചനമിതാണ്.

***വ ഇൻഅഹദുൻമ്മിനൽ മുശ്‌രിക്കീനസ്തജാറക്ക ഫഅജിർഹു ഹത്താ യസ്മഅ കലാമല്ലാഹി ഥുമ്മ അബ്‌ലിഗ്ഹു മഅ്മനഹു ദാലിക്ക ബിഅന്നഹും ഖൗമുൻല്ലായഅ്ലമൂൻ***

ഏ, റസൂൽ, ബഹുദൈവ വിശ്വാസികളിൽനിന്ന് ആരെങ്കിലും നിന്നോട് അഭയം തേടുന്നതായാൽ അല്ലാഹുവിന്റെ വചനം കേൾക്കുന്നതുവരെ അവന് അഭയം നല്കുക. പിന്നെ അവന്റെ രക്ഷാസ്ഥാനത്ത് അവനെ എത്തിച്ചുകൊടുക്കുക. ഇത് അവർ, ഇസ്‌ലാമിനെക്കുറിച്ച് അറിയാത്ത ജനങ്ങളായതുകൊണ്ടാണ്. (*9:6*)

വിശുദ്ധഖുർആൻ ബലാൽക്കാരം ചെയ്യാൻ പഠിപ്പിക്കുന്നുവെങ്കിൽ ഇങ്ങനെ കല്പിക്കുമായിരുന്നില്ല. അതായത് ഇസ്‌ലാമിക കാര്യങ്ങൾ കേൾക്കാൻ അവിശ്വാസി സന്നദ്ധനാകുന്നപക്ഷം, അയാൾ അത് കേട്ടുകഴിഞ്ഞ് മുസ്‌ലിമാകുന്നില്ലെങ്കിൽ അയാളെ സുരക്ഷിതസ്ഥാനത്ത് എത്തിക്കേണ്ടതാണ്. നേരെമറിച്ച്, നിർബന്ധിച്ച് മുസ്‌ലിമാക്കാൻ കല്പിച്ചിരുന്നുവെങ്കിൽ, ഏതെങ്കിലും അവിശ്വാസി കൈയിൽപെട്ടാൽ അവനെ ഉടനെതന്നെ മുസ്‌ലിമാക്കുക എന്ന് കല്പിക്കുമായിരുന്നു.

ഇസ്‌ലാമിന്റെ ദൈവത്തെ ബുദ്ധി അംഗീകരിക്കുന്നില്ല എന്ന പ്രശ്നമാണ് പിന്നീട് അവർ ഉന്നയിച്ചിട്ടുള്ളത്. ഇസ്‌ലാമിന്റെ ദൈവം, തന്റെ അസ്തിത്വത്തെ അംഗീകരിപ്പിക്കുന്നതിനായി മനുഷ്യരെ ബുദ്ധിയിലേക്ക് ക്ഷണിക്കുന്നവനാണ്. ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചവനും അവയുടെ ഉടമസ്ഥനുമാണെന്ന് സമ്മതിക്കുമ്പോൾ, അവൻ എല്ലാ ശക്തിപ്രഭാവത്തിന്റേയും ഉടമസ്ഥനാണെന്നും സമ്മതിക്കേണ്ടിവരും. ഇസ്‌ലാമിന്റെ ദൈവത്തെ മനസ്സിലാക്കാൻ ബുദ്ധിയുടേയും വിവേകത്തിന്റേയും ആവശ്യമുണ്ട്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇസ്‌ലാമിന്റെ ദൈവം പ്രകൃതിനിയമത്തിന്റെ കണ്ണാടിയിലൂടെയും പ്രകൃതിയുടെ ഏടുകളിലൂടെയും കാണാൻ കഴിയുന്ന സത്യദൈവമാകുന്നു. ഇസ്‌ലാം പുതിയ ദൈവത്തെയൊന്നും സമർപ്പിച്ചിട്ടില്ല. മനുഷ്യമനസ്സിന്റെ പ്രകാശവും, മനുഷ്യന്റെ ബോധവും, ആകാശവും ഭൂമിയും സമർപ്പിച്ചുകൊണ്ടിരിക്കുന്ന ദൈവത്തെയാണ് സമർപ്പിച്ചിട്ടുള്ളത്.

വീണ്ടും അവിടന്ന് പറയുന്നു: ഏതൊരു ദൈവത്തിലേക്കാണോ വിശുദ്ധഖുർആൻ നമ്മെ വിളിച്ചിട്ടുള്ളത് അവന്റെ സവിശേഷഗുണങ്ങൾ ഇവയാണ്.

***ഹുവല്ലാഹുല്ലദീ ലാഇലാഹ ഇല്ലാഹു ആലിമുൽഗയ്ബിവശ്ശഹാദത്തി ഹുവർറഹ്മാനുർറഹീം- മാലിക്കിയൗമുദ്ദീൻ- അൽമലിക്കുൽഖുദ്ദൂസുസ്സലാമുൽമുഅ്മിനുൽ മുഹയ്മിനുൽഅസീസുൽ ജബ്ബാറുൽ മുത്തകബ്ബിർ- ഹുവല്ലാഹുൽഖാലിഖുൽബാരിഉൽമുസ്വവ്വിറുലഹുൽ അസ്മാഉൽ ഹുസ്നാ- യുസബ്ബിഹു ലഹൂ മാഫിസ്സമാവാത്തി വൽഅർളി വഹുവൽ അസീസുൽഹക്കീം- അലാകുല്ലി ശയ്ഇൻ ഖദീർ- റബ്ബിൽ ആലമീൻ- അർറഹ്മാനിർറഹീം-മാലിക്കി യൗമുദ്ദീൻ- ഉജീബു ദഅ്വത്തദ്ദാഇ ഇദാ ദആൻ- അൽഹയ്യുൽഖയ്യൂമു- ഖുൽഹുവല്ലാഹു അഹദ്, അല്ലാഹുസ്സ്വമദ്- ലം യലിദ്- വലം യൂലദ് വലം യഖുല്ലഹൂകുഫുവൻ അഹദ്.***

അതായത്, ദൈവം ഏകനും പങ്കുകാരനില്ലാത്തവനുമാണ്. അവനെക്കൂടാതെ ആരാധനയ്ക്കോ അനുസരണത്തിനോ അർഹനായി ആരും തന്നെയില്ല. അതുകൊണ്ടാണ് പറഞ്ഞത്, അവന് കൂട്ടുകാരാരെങ്കിലുമുണ്ടെങ്കിൽ അവന്റെ ശക്തിയുടെമേൽ

ശത്രുവിന്റെ ശക്തി വിജയംവരിച്ചേക്കാമെന്ന്. അവനെ കൂടാതെ ആരാധനയ്ക്കർഹൻ ആരുമില്ലെന്ന് പറഞ്ഞതിന്റെ താൽപര്യം അവൻ പരിപൂർണ്ണനായ ദൈവമാകുന്നു എന്നാണ്. അവന്റെ സവിശേഷഗുണങ്ങളും മഹിമാവിശേഷങ്ങളും ശ്രേഷ്ഠതകളും അത്യുന്നതമാണ്. അവനോട് ആരെയെങ്കിലും പങ്കുചേർക്കുന്നത് അക്രമമാണ്. (ഇസ്‌ലാം എല്ലാതരം ബഹുദൈവാരാധനയിൽനിന്നും പരിശുദ്ധമാണ്. ഈ അക്രമം ചെയ്യുന്നതും ദൈവത്തിനു പങ്കുകാരനെ വയ്ക്കുന്നതും ക്രിസ്ത്യാനികളാണ്. അവർ അല്ലാഹുവിന്റെ ഒരു നബിയെ ദൈവമാക്കി എഴുന്നേല്പിച്ചുനിറുത്തി) പിന്നീട് പറഞ്ഞു: അവൻ അദൃശ്യകാര്യങ്ങൾ അറിയുന്നവനാണ്. അവന്റെ സത്തയെ അവൻ മാത്രമാണ് അറിയുന്നത്. അവന്റെ സത്തയെ വലയം ചെയ്യാൻ ആർക്കും സാധ്യമല്ല. സൂര്യനേയും ചന്ദ്രനേയുമൊക്കെ നമുക്കു അടിമുടി കാണാൻ കഴിയും. എന്നാൽ, ദൈവത്തെ അടിമുടി കാണാൻ നമുക്ക് കഴിവില്ല. അവൻ ആലിമുശ്ശഹാദയാണ്. അതായത്, ഒരു വസ്തുവും അവന്റെ ദൃഷ്ടിയിൽനിന്ന് മറഞ്ഞതായിട്ടില്ല. ദൈവം എന്നു പറഞ്ഞിട്ട് വസ്തുക്കളെ അറിയാതിരിക്കുക എന്നത് അവന് ചേർന്നതല്ല. ഈ ലോകത്തിന്റെ ഓരോ തരിയും അവൻ കണ്ടുകൊണ്ടിരിക്കുന്നു. പക്ഷേ, മനുഷ്യന് അതറിയാൻ സാധ്യമല്ല. എപ്പോഴാണ് ഈ വ്യവസ്ഥിതിയെ തകർക്കുന്നതെന്ന് അവനറിയാം. അതെപ്പോഴാണുണ്ടാകുന്നതെന്ന് അവനല്ലാതെ മറ്റാർക്കും അറിയില്ല. ആ എല്ലാ സമയത്തെക്കുറിച്ചും അറിയുന്നവൻ ആ ദൈവം മാത്രമാണ്. പിന്നീട് പറഞ്ഞു. ഹുവർറഹ്മാൻ. ജീവജാലങ്ങൾ ഉണ്ടാകുന്നതിനും അവയുടെ കർമ്മങ്ങൾക്കും മുമ്പേ സ്വന്തം കാരുണ്യത്താൽ എല്ലാ സാധനസാമഗ്രികളും അവർക്കായി സംഘടിപ്പിച്ചുവെച്ചിട്ടുള്ളവൻ. സൂര്യനും ചന്ദ്രനും മറ്റുള്ള എല്ലാ വസ്തുക്കളും നമ്മൾക്കുവേണ്ടി നമ്മുടെ കർമ്മങ്ങളൊക്കെ വരുന്നതിനു മുമ്പേ തയ്യാറാക്കിവെച്ചവൻ. ഈ ദാനത്തിന്റെ പേര് ദൈവിക ഗ്രന്ഥത്തിൽ റഹ്മാനിയ്യത്ത് എന്നാണ്. അവന്റെ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ദൈവം റഹ്മാൻ എന്ന് പറയപ്പെടുന്നു. പിന്നീട് പറഞ്ഞു അർറഹീം. ആ ദൈവം സൽക്കർമ്മങ്ങൾക്ക് സൽഫലം നല്കുന്നു. ആരുടേയും അധ്വാനം പാഴാക്കിക്കളയുകയില്ല. ഈ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ അവൻ റഹീം എന്നു പറയപ്പെടുന്നു. ഈ സവിശേഷഗുണത്തിന് റഹീമിയ്യത്ത് എന്നാണ് പേര്. പിന്നീട് പറഞ്ഞു, ***മാലിക്കിയൗമുദ്ദീൻ***. അതായത് ആ ദൈവം ഓരോരുത്തരുടേയും പ്രതിഫലം തന്റെ കൈയിൽ സൂക്ഷിച്ചുവെച്ചിരിക്കുന്നു. ആകാശങ്ങളുടേയും ഭൂമിയുടേയും ഭരണം ഏതെങ്കിലും മാനേജരെ ഏല്പിച്ചിട്ട് ഒന്നും ചെയ്യാതെ അവൻ മാറിയിരിക്കുന്നില്ല. അവൻ തന്നെയാണ് മാനേജർ. എല്ലാവർക്കും പ്രതിഫലം കൊടുക്കുന്നതും അവൻതന്നെ. അവന് ആവശ്യങ്ങളൊന്നുമില്ല. അവൻ എല്ലാ കഴിവിന്റേയും ഉടമസ്ഥനാണ്. തന്നെ സഹായിക്കാൻ ദൈവങ്ങളുടെ കൗൺസിൽ വിളിക്കേണ്ട ആവശ്യം അവനില്ല. ഇസ്‌ലാമിന്റെ ദൈവത്തെ എങ്ങനെയും ബുദ്ധി അംഗീകരിക്കുന്നു. പക്ഷേ, മൂന്നു ദൈവത്തെ ഉണ്ടാക്കിവെച്ചിരിക്കുന്നവരുടെ ദൈവങ്ങളെയാണ് ബുദ്ധി അംഗീകരിക്കാത്തത്. ജനാധിപത്യപരമായ നിലയിൽ ഭരണം നടക്കുകയാണെങ്കിൽ ഏതെങ്കിലും ഒരു ദൈവം ഇടഞ്ഞാൽ വിധി പറയൽ ബുദ്ധിമുട്ടാകും.

പിന്നീട് പറഞ്ഞു, ***അൽമലിക്കുൽഖുദ്ദൂസ്***. ആ ദൈവം രാജാവാണ്. അവനിൽ ഒരു ന്യൂനതയും ഇല്ല. മനുഷ്യരാജത്വം, ന്യൂനതകൾക്ക് അതീതമല്ലെന്നത് വ്യക്തമാണ്. എല്ലാ പ്രജകളും ഒന്നിച്ച് വേറൊരു രാജ്യത്തിലേക്ക് ഓടിപ്പോകുകയാണെങ്കിൽ പിന്നെ രാജത്വംതന്നെ ഉണ്ടാകുകയില്ല. എല്ലാ രാജ്യത്തെയും നശിപ്പിച്ച് പുതിയ ഭരണസംവിധാനം ഉണ്ടാക്കാൻ കഴിയുന്നതാണ് അല്ലാഹുവിന്റെ ഭരണാധിപത്യം. ഭൂമിയിലെ രാജാക്കന്മാരെപ്പോലെ തോന്നിയപോലെ പ്രവർത്തിക്കുകയാണെങ്കിൽ, ഈ സംവിധാനമൊക്കെ എങ്ങനെ നിലനില്ക്കാനാണ്. എല്ലാ അക്രമങ്ങളിൽനിന്നും പരിശുദ്ധനാണ് ഇസ്‌ലാമിന്റെ ദൈവം.

അവൻ അസ്സലാമാണ്. അവൻ എല്ലാ ന്യൂനതകളിൽനിന്നും വിപത്തുകളിൽനിന്നും ബലാൽക്കാര പ്രവൃത്തികളിൽനിന്നും സുരക്ഷിതനാണ്. എന്നല്ല, സമാധാനം നല്കുന്നവനാണ്. അതിന്റെ അർത്ഥവും വ്യക്തമാണ്. കാരണം അവൻ സ്വയം നാശത്തിൽ അകപ്പെടുകയും ജനങ്ങളുടെ കൈയാൽ വധിക്കപ്പെടുകയും തന്റെ ഉദ്ദേശ്യങ്ങളിൽ പരാജയപ്പെടുകയും ചെയ്യുകയാണെങ്കിൽ അവന്റെ ഈ ചീത്തമാതൃക കണ്ടുകൊണ്ട് ആർക്കാണ് സമാധാനമുണ്ടാകുക. അത്തരം ദൈവത്തിന് നമ്മെ വിപത്തുകളിൽനിന്ന് മോചിപ്പിക്കാൻ കഴിയുമോ? അല്ലാഹുതആല വ്യർത്ഥമായ വസ്തുക്കളെ ആരാധിക്കുന്നവരെക്കുറിച്ച് പറയുന്നു:

***ഇന്നല്ലദീന തദ്ഊന മിൻദൂനില്ലാഹി ലൻയ്യഖ്‌ലുഖൂ ദുബാബൻവ്വലവിജ്‌ത്തമഊ ലഹൂ. വഇൻയ്യസ്‌ലുബുഹുമു ദുബാബു ശയ്അൻല്ലായസ്ത്തൻഖിദൂഹു മിൻഹു. ളഉഫത്ത്വാലിബു വൽ***

***മത്‌ലൂബ്- മാഖദറുല്ലാഹ ഹഖ്ഖ ഖദ്റിഹീ ഇന്ന ല്ലാഹ ലഖവിയ്യുൻ അസീസ്.***

അല്ലാഹുവിനു പുറമെ നിങ്ങൾ ആരെയെല്ലാം വിളിച്ചുപ്രാർത്ഥിക്കുന്നുവോ അവർ ഒരിക്കലും ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അവരെല്ലാവരും അതിനുവേണ്ടി സഹായിച്ചാൽപോലും. അവരിൽ നിന്ന് ഈച്ച വല്ലതും തട്ടിക്കൊണ്ടുപോകുന്നതായാൽ അതിൽനിന്ന് അത് വീണ്ടെടുക്കാൻപോലും അവർക്ക് ശക്തിയില്ല. അവർ ബലഹീനരാണ്. അല്ലാഹു അങ്ങനെയുള്ളവനാണോ? എല്ലാ ശക്ത വാന്മാരെക്കാളും ശക്തവാനും എല്ലാത്തിനെയും അതിജയിക്കുന്നവനുമാണ് അല്ലാഹു. അവനെ ആർക്കും പിടിക്കാൻ സാധ്യമല്ല. അവനെ കൊല്ലാനും സാധ്യമല്ല. അത്തരം തെറ്റായ കാര്യങ്ങൾക്ക് വശംവ ദരാകുന്നവർ ദൈവത്തിന്റെ കഴിവിനെ മനസ്സിലാക്കാ ത്തവരാണ്. അല്ലാഹു എങ്ങനെയുള്ളവനാകണ മെന്നും അവർക്കറിയില്ല.(*22:74,75*) പിന്നീട് പറഞ്ഞു: ദൈവം അവന് പൊറുത്തുകൊടുക്കുന്നവനാണ്. എല്ലാത്തിനും തെളിവുകൾ നല്കുന്നവനുമാണ്. ഇത് സൂചിപ്പിക്കുന്നത്, സത്യദൈവത്തെ വിശ്വസിക്കുന്ന വർ ഒരു മജ്ലിസിലും നാണംകെടുകയില്ല എന്നാ ണ്. അല്ലാഹുവിന്റെ മുമ്പിലും നാണംകെടുകയില്ല. കാരണം അവന്റെ പക്കൽ ശക്തമായ തെളിവുകളു ണ്ട്. എന്നാൽ, കൃത്രിമ ദൈവങ്ങളിൽ വിശ്വസിക്കു ന്നവർ വലിയ നാശത്തിലായിരിക്കും. അവർ തെളി വുകൾ പറയുന്നതിനുപകരം, ഓരോ നിരർത്ഥകമായ കാര്യങ്ങളും ഇടയ്ക്ക് കയറ്റി സത്യാവസ്ഥ മറച്ചുവ യ്ക്കാൻ ആഗ്രഹിക്കുന്നു.

***അൽമുഹയ്മിനുൽ അസീസുൽ ജബ്ബാറുൽ മുത്തകബ്ബിർ***. അവൻ എല്ലാവരുടേയും രക്ഷാപരി പാലകനാണ്. പ്രതാപവാനാണ്. തകരാറിലായതിനെ യൊക്കെ ഉണ്ടാക്കുന്നവനുമാണ്. മഹാപ്രഭാവനുമാ ണവൻ. അവൻ ശരീരങ്ങളേയും ആത്മാക്കളേയും ഉണ്ടാക്കുന്നവനും ഗർഭപാത്രത്തിൽ രൂപം നൽകു ന്നവനുമാണ്. ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവ നുള്ളതാണ്. ആകാശത്തുള്ളവരും അവന്റെ പരിശു ദ്ധിയെ പ്രകീർത്തിക്കുന്നു; ഭൂമിയിലുള്ളവരും. ഈ വചനത്തിൽ ആകാശഗോളങ്ങളിലും ജനവാസമു ണ്ടെന്ന് സൂചിപ്പിച്ചിരിക്കുന്നു. അവരും അല്ലാഹു വിന്റെ നിർദ്ദേശങ്ങൾക്കു വിധേയരാണ്.

പിന്നീട് പറഞ്ഞു: ***അലാകുല്ലി ശയ്ഇൻ ഖദീർ***. അതായത് അല്ലാഹു വലിയ സർവ്വശക്തനാണ്. ഇത് അവനെ ആരാധിക്കുന്നവർക്കുള്ള സമാധാനമാണ്. കാരണം അല്ലാഹു ബലഹീനനും അശക്തനുമാണെ ങ്കിൽ അത്തരം ദൈവത്തിൽനിന്ന് എന്തു പ്രതീക്ഷി ക്കാനാണ്.

പിന്നീട് പറഞ്ഞു: ***റബ്ബുൽ ആലമീൻ, അർറ ഹ്മാനിർറഹീം, മാലിക്കി യൗമുദ്ദീൻ, ഉജീബു ദഅ്‌വത്തദ്ദാഇ ഇദാ ദആൻ-*** അതായത് ദൈവം സർവ്വലോകപരിപാലകനും പരമകാരുണികനും കരു ണാമയനും രക്ഷാശിക്ഷയുടെ ദിനത്തിന്റെ ഉടമസ്ഥ നുമാണ്. തന്റെ ഈ അധികാരം ആരെയും അവൻ ഏല്പിച്ചിട്ടില്ല. തന്നെ വിളിക്കുന്ന ഓരോരുത്തരു ടെയും വിളി കേൾക്കുന്നവനും, ഉത്തരം നല്കുന്ന വനുമാണ്. അതായത്, പ്രാർത്ഥന സ്വീകരിക്കുന്നവ നാണ്.

പിന്നീട് പറഞ്ഞു: ***ഹയ്യുൽഖയ്യൂം*** അതായത് എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാ ജീവ ന്റെയും എല്ലാ അസ്തിത്വത്തിന്റെയും ആശ്രയകേ ന്ദ്രവുമാണവൻ. ഇങ്ങനെ പറഞ്ഞിട്ടുള്ളത് അവൻ ആദ്യന്തരഹിതനല്ലെങ്കിൽ അവന്റെ ജീവിതത്തെ സംബന്ധിച്ചും ആശങ്ക നിലനില്ക്കും എന്നതുകൊ ണ്ടാണ്. ആ ദൈവം ഏകനായ ദൈവമാകുന്നു. അവൻ ആരുടേയും പുത്രനല്ല. അവനൊട്ട് പുത്രനു മില്ല. അവന് സമനായി ആരും തന്നെയില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ക്രിസ്തുമതം എന്ന പേരിൽ പ്രചരിപ്പിച്ചുകൊണ്ടിരി ക്കുന്ന ഈ മതം യഥാർത്ഥത്തിൽ പൗലോസ് മത മാണ്. യേശുവിന്റെ മതമല്ല. കാരണം യേശു ഒരി ടത്തും ത്രിയേകത്വസിദ്ധാന്തം പ്രബോധിച്ചിട്ടില്ല. അദ്ദേഹം ജീവിച്ചിരുന്ന കാലം മുഴുവൻ ഏകദൈ വത്തെ വിശ്വസിക്കാനാണ് പഠിപ്പിച്ചുകൊണ്ടിരുന്ന ത്. അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ പ്രതിനിധിയായ സഹോദരൻ യാക്കോബും ഏക ദൈവസിദ്ധാന്തമാണ് പ്രബോധിച്ചത്. പൗലോസ് അനാവശ്യമായി ആ മഹാത്മാവിനെ എതിർത്തു. അ ദ്ദേഹത്തിന്റെ ശരിയായ അദ്ധ്യാപനങ്ങളുടെ സ്ഥലത്ത് അതിനു വിരുദ്ധമായിട്ടുള്ള പാഠങ്ങൾ പ്രച രിപ്പിക്കാൻ തുടങ്ങി. അവസാനം പൗലോസ് ഇതിൽ എത്രത്തോളം വളർന്നുവെന്നുവെച്ചാൽ ഒരു പുതിയ മതം തന്നെ അദ്ദേഹം സ്ഥാപിച്ചു. തൗറാത്തിനെ പിന്തുടരുന്നതിൽനിന്നും പൂർണ്ണമായും തന്റെ ജന തയെ വേർപെടുത്തി. യേശുവിന്റെ മതത്തിൽ യേശു വിന്റെ പാപപരിഹാരത്തിനുശേഷം ന്യായപ്രമാണം വേണ്ടെന്ന് ജനങ്ങളെ പഠിപ്പിച്ചു. യേശുവിന്റെ രക്തം പാപങ്ങളകറ്റാൻ മതിയായതാണ്. തൗറാത്തിനെ പിന്തുടരേണ്ട ആവശ്യമില്ല.

പിന്നീട് വേറൊരു മാലിന്യവും ആ മതത്തിലി

ട്ടു. പന്നിയിറച്ചി തിന്നൽ അനുവദനീയമാക്കി എന്നതാണത്. യഥാർത്ഥത്തിൽ യേശു, ഇഞ്ചീലിൽ പന്നിയിറച്ചി അശുദ്ധമെന്ന് പറയുന്നു. അതുകൊണ്ടാണ് അദ്ദേഹം പറഞ്ഞത് നിങ്ങളുടെ കൈവശമുള്ള മുത്തുകൾ പന്നിയുടെ മുന്നിൽ എറിയരുതെന്ന്. പരിശുദ്ധമായ അദ്ധ്യാപനത്തിന്റെ നാമം ഇവിടെ യേശു മുത്ത് എന്ന് വെച്ചിരിക്കുകയാണ്. ഈ താരതമ്യത്തിൽനിന്ന് മനസ്സിലാകുന്നത് അഴുക്കുകളെ അദ്ദേഹം പന്നി എന്ന് വിളിച്ചിരിക്കുന്നു എന്നാണ്.

വാസ്തവമെന്താണെന്നു വെച്ചാൽ യൂനാനികൾ പന്നിയിറച്ചി തിന്നാറുണ്ടായിരുന്നു. എന്നല്ല, ഇന്ന് യൂറോപ്പിലെ എല്ലാ ജനങ്ങളും പന്നിയിറച്ചി തിന്നുന്നവരാണ്. അതുകൊണ്ട് പൗലോസ് യൂനാനികളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി പന്നിയിറച്ചിയും തന്റെ ജനത്തിന് അനുവദനീയമാക്കിക്കൊടുത്തു. യഥാർത്ഥത്തിൽ അത് എന്നന്നേക്കും നിഷിദ്ധമാണെന്നും അതിനെ തൊടുന്നതുപോലും അനുവദനീയമല്ലെന്നും തൗറാത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ ഈ മതത്തിൽ എല്ലാ ദോഷങ്ങളും വരുത്തിവെച്ചത് പൗലോസാണ്. ബൈബിളിലധിഷ്ഠിതമായ ദൈവവിശ്വാസവും യൂനാനികളുടെ ചിന്താഗതിയും തമ്മിൽ ആഴത്തിലുള്ള സാദൃശ്യമുണ്ടെന്ന് പോപ്പ് പറയുകയുണ്ടായി. ഇത് ഹസ്റത്ത് യേശുവിന്റെ മതമല്ല. മറിച്ച്, യൂനാനികളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമമായിരുന്നു. നീതിയെ സ്നേഹിക്കുന്ന ക്രിസ്ത്യാനികൾക്ക് ഇതെല്ലാം അറിയാം. ഇസ്ലാമിന്റെ ദൈവം ആരാണെന്ന് അവർ എഴുതിയിട്ടുമുണ്ട്.

എഡ്വേർഡ് ഗിബ്ബൻ സാഹിബ് എഴുതുന്നു: മുഹമ്മദ്(സ)യുടെ മതം സംശയങ്ങളിൽനിന്നും, സന്ദേഹങ്ങളിൽനിന്നും പരിശുദ്ധവും പവിത്രവുമാണ്. ഖുർആൻ ദൈവത്തിന്റെ ഏകത്വത്തിന് മനോഹരമായൊരു സാക്ഷ്യമാണ്. മക്കയിലെ നബി ബിംബങ്ങളേയും ആൾദൈവങ്ങളേയും നക്ഷത്രങ്ങളേയും ആരാധിക്കുന്നത് ബുദ്ധിപരമായ തെളിവുകളാൽ തടഞ്ഞു. ആ നിയമം, ഒന്നാമതായി അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള അറിവ്- അതിന്റെ അടിത്തറ ബുദ്ധിയിലും വെളിപാടിലുമാണ്- മുഹമ്മദ് (സ)ന്റെ സാക്ഷ്യത്തോടെ പാരമ്യതയിലെത്തി.

ഇതാണ് ഇസ്ലാമിന്റെ ദൈവം. ബുദ്ധിപൂർവ്വം ചിന്തിക്കുന്നവർക്ക് ദൈവത്തെ സംബന്ധിച്ചുള്ള ബുദ്ധിപരമായ തെളിവുകൾ ഇസ്ലാമിലാണ് ലഭിക്കുന്നതെന്ന് കാണാം.

അവസാനം ഓരോ അഹ്മദിയോടും ഞാൻ പറയട്ടെ, ഇസ്ലാമിന്നെതിരിൽ ഉയരുന്ന ഈ ആക്ഷേപങ്ങൾക്കിടയിലൂടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞുകൊണ്ടും അവനോട് സഹായം തേടിക്കൊണ്ടും മാത്രമേ വിജയകരമായി നമുക്ക് കടന്നുപോകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അല്ലാഹുവിനെ മുമ്പത്തെക്കാൾ കൂടുതൽ വിളിക്കുക. അവൻ തന്റെ ശക്തിപ്രഭാവത്തിന്റെ തേജോവിലാസം കാണിക്കുമാറാകട്ടെ. കള്ളദൈവങ്ങളിൽ നിന്ന് ഈ ലോകത്തിന് മോചനം ലഭിക്കുമാറാകട്ടെ. ഇക്കൂട്ടർ ഇന്ന് തങ്ങളുടെ മണിമന്ദിരങ്ങളുടെയും ശക്തികളുടെയും അഹന്തയാൽ നബി(സ)തിരുമേനിയുടെമേൽ ആക്രമണം നടത്തുകയാണ്. നമ്മുടെ പ്രാർത്ഥനയുടെ അസ്ത്രത്താൽ ഇവരുടെ ഈ അഹന്ത പൊട്ടിത്തകരും. ഇൻശാഅല്ലാഹ്. അതുകൊണ്ട് പ്രപഞ്ചനാഥനായ ദൈവത്തെ വിളിക്കുക. അവൻ സർവ്വലോക പരിപാലകനാണ്. അത് ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ദൈവമാണ്; എത്രയും വേഗം ഏകനും പങ്കുകാരനില്ലാത്തവനുമായ ആ ദൈവത്തിന്റെ ഭരണം ലോകത്ത് സ്ഥാപിതമാകാൻ വേണ്ടി അവനെ വിളിച്ചുപ്രാർത്ഥിക്കുക. മുസ്ലിം രാജ്യങ്ങളും പരസ്പരമുള്ള വിദ്വേഷങ്ങൾ അവസാനിപ്പിക്കുന്നതിനു ചിന്തിക്കേണ്ടതാണ്. പരസ്പര കലഹങ്ങളും ശത്രുതകളും അവസാനിപ്പിക്കേണ്ടതാണ്. ഒന്നായിക്കൊണ്ട് നബി(സ) തിരുമേനിയുടെ നാമത്തെ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കേണ്ടതാണ്. അന്യർക്ക് വിരൽചൂണ്ടാൻ ധൈര്യം ലഭിക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങളിൽനിന്ന് പിൻമാറേണ്ടതാണ്. അല്ലാഹു മുസ്ലിംകളെ സഹായിക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 15.9.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala